എൽ.എഫ്.പി.റ്റി.എ/പി4/375/12

ലോക്കൽ ഫ ് ഓഡിറ്റ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ
ജില്ലാ കാര്യാലയം, പത്തനംതിട്ട
തീയതി : 20.10.2012

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട ജില്ലാപഞ്ചായത്തിന്റെ 2009-10 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്. (1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)–ാം വകുപ്പ് 1994 ലെ കേരളാ ലോക്കൽ ഫ ് ഓഡിറ്റ് നിയമം 13–ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫ ് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

---

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ.സി.മുത്തു
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

LOCAL FUND AUDIT DEPARTMENT

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

പത്തനംതിട്ട ജില്ലാപഞ്ചായത്തിന്റെ 2009-10 സാമ്പത്തിക വർഷത്തെ വരവ്ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയു ായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതിവിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയു ായി.

പഞ്ചായത്ത് 01.04.2009 മുതൽ 13.12.2011 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗ ുകളിൽ നിന്നുള്ള പണം പിൻവലിയ്ക്കലുകൾ എന്നിവയും പരിശോധിക്കുകയു ായി.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം (വരവ്/ചെലവ് വാർഷികം) | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം |
|---|---|---|
| 16.02.2012 to 29.02.2012 & 06.03.2012 to 09.03.2012 | 2009-10 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ ഓഡിറ്റ് | ശ്രീമതി.പി.എസ്.പത്മജറാണി<br>ശ്രീ.ഹബീബ് മുഹമ്മദ്<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.റ്റി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ<br><br>ശ്രീമതി.സി.വീണ<br>ശ്രീ.അരുൺ.എസ്.നായർ<br>ശ്രീമതി.ജയപ്രഭ പി.<br>ശ്രീ.കെ.ആർ.മഹേഷ്കുമാർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർമാർ<br><br>ശ്രീ.അരുൺ.പി.ബി<br>ശ്രീമതി.ജയകുമാരിയമ്മ ജി.<br>ഓഡിറ്റർമാർ |

## നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.അപ്പിനഴകത്ത് ശാന്തകുമാരി
01.04.2009 മുതൽ 31.03.2010 വരെ

സെക്രട്ടറി : ശ്രീ.എസ്.സുരേഷ്
01.04.2009 മുതൽ 31.03.2010 വരെ

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം 1 : പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

**ഭാഗം 2: വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും ക ത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

LOCAL FUND AUDIT DEPARTMENT

**ഭാഗം 3:** **ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4:** **ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## ഭാഗം 1

## പൊതു അവലോകനം

LOCAL FUND AUDIT DEPARTMENT

പത്തനംതിട്ട ജില്ലാപഞ്ചായത്തിന്റെ 2009-10 വർഷത്തെ ബജറ്റ് 23.03.2009 തീയതിയിൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയുണ്ടായി. ഇതിൽ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 534555000/- രൂപയും ചെലവ് 513370000/-രൂപയും ആണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം ജില്ലാപഞ്ചായത്തിന് തൻവർഷം വരവായി ലഭിച്ച തുക 250583868/- രൂപയും ചെലവഴിച്ചിട്ടുള്ളത് 229029638/- രൂപയുമാണ്.

മേൽ പറഞ്ഞ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ **414296/-** രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ **8576516/-** രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. പ്രതീക്ഷിച്ചിരുന്ന വരവിന്റെ 50% മാത്രമാണ് യഥാർത്ഥ വരവായി പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. (ഖണ്ഡിക 1-2 കാണുക).

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് പൊതുവായ വിവരങ്ങൾ താഴെകൊടുക്കുന്നു.

12.06.2003 ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടല്ല അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളത്. ഇതിലുള്ള അപാകത സംബന്ധിച്ചുള്ള വിവരങ്ങൾ ഖണ്ഡിക (1-1) ആയി റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

2009-10 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെയും, സ്വന്തമായി ആസ്തിയുള്ള കെട്ടിടം/സ്ഥലം എന്നിവയുടെ പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുകയും സ്റ്റേറ്റ്ലെവൽ ടാഗുകൾ അംഗീകരിയ്ക്കാത്ത പദ്ധതികൾ നടപ്പിലാക്കിയുമാണ് തൻവർഷത്തെ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. (ഇതിനെ സംബന്ധിച്ച് വിവിധ ഖണ്ഡികകളിലായി ഉൾക്കൊള്ളിച്ചുകൊ ുള്ള പരാമർശം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടു ് )

മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയതിൽ ഭൂരിഭാഗം പ്രവൃത്തികളും റോഡുകോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. ഐ.ആർ.സി.സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത വ്യാപകമായ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഭാവിയിൽ നടപ്പിലാക്കുന്നതിനെതിരെ സർക്കാർതലത്തിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം വളരെ പരിമിതമാക്കിയിരിക്കുന്നു. (ഖണ്ഡിക (3-21) കാണുക.) ഗുണഭോക്തൃസമിതികൾ മുഖേനയുള്ള പ്രവൃത്തികൾ രജിസ്ട്രേഡ് കരാറുകാർ കൺവീനർമാരായി നടപ്പിലാക്കിയിട്ടു ്. ഇത്തരം പ്രവണതകൾ കരാർ വ്യവസ്ഥകളുടെ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. (ഖണ്ഡിക (3-22)) മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വേ ത്ര ശുഷ്കാന്തി ഉ ായിട്ടില്ല. ഈ നടപടി വ്യക്തമായ നഷ്ടം സംഭവിക്കുന്നതിന് സാഹചര്യം ഉ ാക്കുന്നു. (ഖണ്ഡിക 3-6).

പഞ്ചായത്ത്രാജ് നിയമപ്രകാരം ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളിൽ നിന്നും വ്യതിചലിച്ച് സംസ്ഥാനതല സമിതികളുടെ അംഗീകാരമില്ലാത്ത 80 പ്രോജക്ടുകൾ നടപ്പിലാക്കിയതിനെക്കുറിച്ച് സർക്കാർതലത്തിൽ സമഗ്രമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## <u>ചെറിയ അടങ്കലുള്ള പ്രോജക്ടുകളുടെ ആധിക്യം</u>

ഡിവിഷൻ അടിസ്ഥാനത്തിൽ ഫ ് വീതം വച്ച് ചെറുതും ഫലപ്രാപ്തിയില്ലാത്തതുമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്ന പ്രവണത മുൻകാലങ്ങളിലെ പോലെ തൻവർഷവും തുടർന്നതായാണ് കാണുന്നത്. ഓഡിറ്റ് വർഷം 309272141/- രൂപ അടങ്കലുള്ള 656 പ്രോജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്. ഇവയിൽ ഭൂരിപക്ഷം പ്രോജക്ടുകളുടേയും അടങ്കൽ 100000/- രൂപ മാത്രമാണ്. 11-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം സ.ഉ (എം.എസ്) നമ്പർ 199/2008/തസ്വഭവ, തീയതി 11.07.2008) ജില്ലാ പഞ്ചായത്തുകൾ 10 ലക്ഷം രൂപയിൽ കുറവ് ചെലവുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ ഓഡിറ്റ് വർഷം ഏറ്റെടുത്ത 656 പ്രോജക്ടുകളിൽ 24 എണ്ണം മാത്രമാണ് 10 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലു ായിരുന്നത്. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ടുകൾ

ആവിഷ്കരിച്ചതും, ആയതിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയതും ക്രമപ്രകാരമല്ല. കുറഞ്ഞ അടങ്കലുള്ള അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുകയും, ആയത് സമയബന്ധിതമായി നടപ്പിലാക്കാതെ ഫ ˇ ലാപ്സാക്കുകയും ചെയ്യുന്ന പ്രവണതയാണ് ഓഡിറ്റിന് കാണാൻ കഴിഞ്ഞത്. ഡിവിഷൻ അടിസ്ഥാനത്തിൽ ഫ ˇ വീതംവച്ച് ചെറിയ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നത് ഒഴിവാക്കാൻ ശ്രമിക്കേ താണ്.

## ജില്ലാ പഞ്ചായത്തിന്റെ അധികാരപരിധിയ്ക്ക് പുറത്തുള്ള പ്രോജക്ടുകൾ

ത്രിതല പഞ്ചായത്തുകളുടെ കടമകളും, ചുമതലകളും വ്യത്യസ്ഥമാണ്. പഞ്ചായത്ത് രാജ് നിയമത്തിലെ 5-ാം പട്ടികയിൽ ജില്ലാ പഞ്ചായത്തിനെ, ചുമതല ഏൽപ്പിച്ചിട്ടുള്ള മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനുപകരം താഴെതലത്തിലുള്ള ഗ്രാമപഞ്ചായത്തുകളുടെ അധികാരപരിധിയിൽ വരുന്ന വിഷയങ്ങളിലാണ് ജില്ലാപഞ്ചായത്ത് ഭൂരിപക്ഷം പ്രോജക്ടുകളും നടപ്പിലാക്കുന്നത്. ഗ്രാമപഞ്ചായത്തുകളുടെ അധികാരപരിധിയിൽ കടന്ന്കയറി പദ്ധതികൾ ആവിഷ്കരിക്കുന്നത് പഞ്ചായത്ത്രാജ് നിയമത്തിന്റെ ലംഘനമാണ്.

## ജില്ലാപഞ്ചായത്തിന് ഉടമസ്ഥാവകാശം ഇല്ലാത്ത സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ചു നൽകി

ജില്ലാപഞ്ചായത്തിന്റെയോ ജില്ലാപഞ്ചായത്തിന് കൈമാറി കിട്ടിയതോ ആയ സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മാത്രമേ ജില്ലാ പഞ്ചായത്ത് ഫ ˇ വിനിയോഗിക്കാൻ പാടുള്ളൂ. എന്നാൽ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലില്ലാത്ത ഒട്ടനവധി സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചിട്ടു ˇ. പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്താണ് ഇപ്രകാരം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

## സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പരിശീലനപരിപാടികൾ നടപ്പിലാക്കി.

പരിശീലനപരിപാടികൾ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായോ വേതനതൊഴിൽ ലഭിക്കുമെന്ന് ഉറപ്പുള്ളതോ ആയ മേഖലകളിൽ പരിമിതപ്പെടുത്തിയിട്ടില്ല.

## സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു.

വില്ലേജ്റോഡുകൾ എന്നും മറ്റ് ജില്ലാറോഡുകൾ എന്നും പൊതുമരാമത്ത് വകുപ്പ് തരംതിരിച്ചിട്ടുള്ള റോഡുകൾ മാത്രമേ ജില്ലാപഞ്ചായത്തുകൾ ഏറ്റെടുക്കാവൂ. ഒന്നിൽ കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും എട്ട് മീറ്റർ എങ്കിലും വീതിയുള്ളതുമായ പുതിയറോഡ് നിർമ്മാണം നടത്താവൂ. എന്നാൽ കുറഞ്ഞ അടങ്കൽ തുക വകയിരുത്തി ഗ്രാമപഞ്ചായത്തുകൾ പരിപാലിക്കുന്ന റോഡുകളുടെ മെറ്റലിംഗ്, ടാറിംഗ്/കോൺക്രീറ്റിംഗ് നടത്തുന്നതിനാണ് പശ്ചാത്തലമേഖലയിൽ ഫ ് ഏറെയും ചെലവഴിക്കുന്നത്. ഇത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്.

## റോഡ് മെയിന്റനൻസ് ഗ്രാന്റ് മൊത്തമായും വകമാറ്റി ചെലവഴിച്ചു.

ജില്ലാപഞ്ചായത്തിന് കൈമാറി ലഭിച്ച 177 റോഡുകളാണ് നിലവിലുള്ളത്. ഈ റോഡുകളുടെ സംരക്ഷണത്തിനാണ് റോഡ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. എന്നാൽ ടി റോഡുകളുടെ സംരക്ഷണത്തിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഒരു രൂപ പോലും തൻവർഷം ചെലവഴിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് റോഡുകൾ കോൺക്രീറ്റിംഗ് നടത്തുന്നതിനാണ് ഫ ് ചെലവഴിച്ചിരിക്കുന്നത്.

## നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് 67.89 ലക്ഷം രൂപ നഷ്ടമായി

നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിച്ചിട്ടില്ല. 2009-10 ലെ ഫ ിന്റെ വിനിയോഗത്തിലുള്ള കുറവ് മൂലം 67.89 ലക്ഷം രൂപയാണ് 2011-12 ൽ ഷോർട്ട്ഫാൾ ഇനത്തിൽ പഞ്ചായത്തിന് നഷ്ടമായത്. ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളുടെ അവസ്ഥ ശോചനീയമായി തുടരുമ്പോഴാണ് ഇപ്രകാരം ഫ ് ലാപ്സാക്കിയിരിക്കുന്നത്.

## മരാമത്ത് പ്രവൃത്തികൾ നടപ്പാക്കാതിരുന്നത്

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ 383 നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിനായിരുന്നു വാർഷിക പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇവയിൽ കേവലം 83 പ്രവൃത്തികൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിലാണ് ചെലവ് ഏറെയും നടന്നിരിക്കുന്നത്. മരാമത്ത്പ്രവൃത്തികൾ സമയബന്ധിതമായി നടത്താതിരുന്നതിനാൽ ജില്ലാപഞ്ചായത്തിന്റെ ഫ ് വിനിയോഗത്തിൽ വൻ ഇടിവു ാകുകയും ഷോർട്ട്ഫാൾ ഇനത്തിൽ കോടികൾ നഷ്ടമാവുകയും ചെയ്തു.

LOCAL FUND AUDIT DEPARTMENT

**ഷോർട്ട് ഫാൾ**

| | | | | |
|---|---|---|---|---|
| 2006-07 | - | 46,71,000 | - | വികസനഫ ˘ |
| 2007-08 | - | - | | |
| 2008-09 | - | 16,13,200 | - | വികസനഫ ˘ |
| | | 49,37,000 | - | മെയിന്റനൻസ് ഗ്രാന്റ് |
| 2009-10 | - | 3,70,73,000 | - | വികസനഫ ˘ |
| | | 1,35,31,000 | - | മെയിന്റനൻസ് ഗ്രാന്റ് |
| | | --------- | | |
| | | 6,18,25,200/- | | |
| | | ======== | | |

ഫ ˘ വിനിയോഗത്തിലുള്ള വീഴ്ചമൂലം 2006-07 മുതൽ 2011-12 വരെ ജില്ലാപഞ്ചായത്തിന് 6.18 കോടി രൂപ നഷ്ടമായി. 2009-10 ലെ മാത്രം ഈ ഇനത്തിലുള്ള നഷ്ടം 5 കോടി രൂപയാണ്.

LOCAL FUND AUDIT DEPARTMENT

**(1-1) അക്കൗ ിംഗ് രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ**

പഞ്ചായത്തുകളുടെ അക്കൗ ിംഗ് സമ്പ്രദായം ജി.ഒ.(പി) 319/2003/ഫിൻ തീയതി 12.06.2003 സർക്കാർ ഉത്തരവ് പ്രകാരം 01.04.2004 മുതലാണ് നിലവിൽ വന്നത്. ആയത് പ്രകാരമുള്ള രേഖകൾ ജില്ലാപഞ്ചായത്തിൽ 2009-10 സാമ്പത്തിക വർഷം കൃത്യമായി സൂക്ഷിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) **കാഷ് ബുക്ക്**

കാഷ്ബുക്കിലെ രേഖപ്പെടുത്തലുകൾ ഹെഡ് ഓഫ് അക്കൗ ˘ എഴുതി ക്ലാസിഫിക്കേഷൻ നടത്തിയിട്ടില്ല.

(2) **ബിൽ രജിസ്റ്റർ**

ഓരോ ചെലവിനും ആധാരമായ ബില്ലിന്റെ വിവരം ബിൽ രജിസ്റ്ററിൽ എഴുതണം. ബിൽ രജിസ്റ്ററിലെ നമ്പറുകൾ തുടർച്ചയായിരിക്കണം. ബിൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

(3) **<u>ചെക്ക് ഇഷ്യു രജിസ്റ്റർ</u>**

ഓരോ ട്രഷറി/ബാങ്ക്/പോസ്റ്റോഫീസ് അക്കൗ ിനും ഒരു ചെക്ക് ഇഷ്യുരജിസ്റ്റർ വേണം. ജില്ലാ പഞ്ചായത്തിന്റെ ട്രഷറി/ബാങ്ക് അക്കൗ ുകളുടെ ചെക്ക് ഇഷ്യു രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

(4) **<u>ട്രഷറി/ബാങ്ക്/പോസ്റ്റോഫീസ് ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ</u>**

ട്രഷറി/ബാങ്ക്/പോസ്റ്റോഫീസ് ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

(5) **<u>വരവ് രജിസ്റ്റർ</u>**

വരവ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ മാസത്തേയും വരവ് തുകകൾ മാത്രമാണ് എഴുതിയിട്ടുള്ളത്. എന്നാൽ മുൻമാസത്തെ വരവ് തുകകൾ കൂട്ടാതെ തുടർന്നുള്ള മാസങ്ങളിൽ തുക എഴുതിയിട്ടുള്ളത്. വർഷാവസാനത്തെ ആകെ വരവ് കൃത്യമായി കൂട്ടി എഴുതിയിട്ടില്ല.

(6) **<u>ചെലവ് രജിസ്റ്റർ</u>**

ചെലവ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ മാസത്തേയും ചെലവ് തുകകൾ മാത്രമാണ് എഴുതിയിട്ടുള്ളത്. മുൻമാസത്തെ ചെലവ് തുകകൾ കൂട്ടാതെ തുടർന്നുള്ള മാസങ്ങളിൽ തുക എഴുതിയിട്ടുള്ളത്. വർഷാവസാനത്തെ ആകെ ചെലവ് കൃത്യമായി കൂട്ടി എഴുതിയിട്ടില്ല.

(7) **<u>അഡ്വാൻസ് രജിസ്റ്റർ</u>**

ജില്ലാ പഞ്ചായത്തിൽ നിന്നും നൽകുന്ന അഡ്വാൻസുകൾ ഹെഡ് ഓഫ് അക്കൗ ് ക്രമത്തിൽ, അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തണം. ഓരോ വ്യക്തിയ്ക്കും സ്ഥാപനത്തിനും ഓരോ പേജോ ഓരോ കൂട്ടം പേജുകളോ നീക്കി വയ്ക്കാം. നിർവ്വഹണ ഉദ്യോഗസ്ഥർ, ഏജൻസികൾ, കോൺട്രാക്ടർമാർ, ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാർ, പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവർക്ക് നൽകുന്ന അഡ്വാൻസുകളും അവയുടെ അഡ്ജസ്റ്റ്മെന്റുകളും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തണം. അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസുകൾ സംബന്ധിച്ച യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല.

LOCAL FUND AUDIT DEPARTMENT

(8) **ഡെപ്പോസിറ്റ് രജിസ്റ്റർ**

പഞ്ചായത്ത് റവന്യു അക്കൗ ിൽ ക്രഡിറ്റ് ചെയ്യാതെ മറ്റു സ്ഥാപനങ്ങളിൽ ഒടുക്കുന്നതിന് വേ ിയോ യഥാസമയം തിരിച്ചു നൽകുന്നതിന് വേ ിയോ സ്വീകരിക്കുന്ന തുകകളാണ് ഡെപ്പോസിറ്റ് ഹെഡ് ഓഫ് അക്കൗ ിൽ വരുന്നത്. ശമ്പള ബില്ലിൽ നിന്നുള്ള വസൂലാക്കലുകൾ, വർക്ക് ബില്ലുകളിൽ നിന്നുള്ള വസൂലാക്കലുകൾ തുടങ്ങിയവ. ഓരോ തരം ഡെപ്പോസിറ്റുകളും കൃത്യമായി രജിസ്റ്ററിൽ ചേർത്ത് നിക്ഷേപം പിൻവലിയ്ക്കുമ്പോൾ ആയതും രേഖപ്പെടുത്തി രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കുന്നതിന് നടപടി കൈക്കൊള്ളേ താണ്.

## (1-2) ബഡ്ജറ്റ്

(1) 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം 214-ാം വകുപ്പിലാണ് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്. ഒരു സ്ഥാപനത്തിന്റെ ബഡ്ജറ്റ് ആ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ്-ചെലവിന്റെ പ്രതിഫലനമായിരിക്കണം. എന്നാൽ 2009-10 വർഷത്തെ ജില്ലാ പഞ്ചായത്തിന്റെ ബഡ്ജറ്റ് യാഥാർത്ഥ്യബോധത്തോടെയല്ല തയ്യാറാക്കിയിരിക്കുന്നത്. കണക്കുകൾ ചുവടെ ചേർക്കുന്നു.

| | ബഡ്ജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 534555000 | 250583868 |
| ചെലവ് | 513370000 | 229029638 |

ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ കൃത്യത കൈവരിക്കാൻ ശ്രദ്ധിക്കേ താണ്.

(2) അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ, ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്ത് ചെലവാക്കാൻ പാടില്ല. പുതുക്കിയ ബജറ്റിൽ തുക വകയിരുത്തി അംഗീകാരം ലഭിച്ച ശേഷമേ ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കു തുക ചെലവു ചെയ്യാൻ പാടുള്ളൂ. ഇതിനു വിരുദ്ധമായി ജില്ലാ പഞ്ചായത്തിൽ 2009-10 ൽ നടത്തിയിട്ടുള്ള ചെലവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|---|
| 1 | 2202-01-99-109- സ്കോളർഷിപ്പുകളും ഇൻസെന്റീവുകളും | - | 10,06,700/- |
| 2 | 2204-104- കായിക വിനോദവും കളികളും | 2,50,000/- | 5,20,922/- |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 3 | 2204-800 - മറ്റു ചെലവുകൾ | 2,25,000/- | 3,99,312/- |
| 4 | 2210-03-110-21 വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും - സാധന സാമഗ്രികൾ | 50,000/- | 6,50,000/- |
| 5 | 2210-03-110-21 വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും - ആയുർവേദം-സാധനസാമഗ്രികൾ | 1,10,000/- | 5,11,671/- |
| 6 | 2210-03-110-21 വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും - സിദ്ധ-സാധനസാമഗ്രികൾ | | 18,109/- |
| 7 | 2216-010 ഭവനനിർമ്മാണം - ഗ്രാമഭവനനിർമ്മാണം | 35,00,000/- | 3,90,66,175/- |
| 8 | 2235-01-104 സാമൂഹ്യസുരക്ഷിതത്ത്വവും ക്ഷേമവും വൃദ്ധരു ടേയും ക്ഷീണിതരുടേയും അഗതികളുടേയും രോഗികളുടേയും ക്ഷേമം | 5,50,000/- | 9,25,000/- |
| 9 | 2401-001-13 ധാന്യവിളകൾ ഓഫീസ് ചെലവുകൾ | - | 49,383/- |
| 10 | 2402-001-13 മണ്ണ് - ജലസംരക്ഷണം ഓഫീസ് ചെലവുകൾ | - | 54,976/- |
| 11 | 2402-001-13 മണ്ണ്, ജലസംരക്ഷണം, വാടക, കരം, നികുതി | - | 18,274/- |
| 12 | 2501-01-101 ഗ്രാമവികസനത്തിനുള്ള പ്രത്യേക പരിപാടികൾ എസ്.ജി.ആർ.വൈ | 57,50,000/- | 61,97,500/- |
| 13 | 2515-101-99 മറ്റു ഗ്രാമവികസനപരിപാടികൾ - മറ്റു ചെലവുകൾ - കുടുംബശ്രീ. | - | 1,50,000/- |
| 14 | 4215-010-102 ശുദ്ധജലവിതരണം സംബന്ധിച്ച മൂലധനച്ചെലവ് ഗ്രാമീണ ശുചീകരണ സേവനം | - | 13,27,692/- |
| 15 | 4215-010-186 ശുദ്ധജലവിതരണം സംബന്ധിച്ച മൂലധനച്ചലവ് | 1,00,000/- | 11,47,533/- |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 16 | 4225-01-800<br>പട്ടികജാതി പട്ടികവർഗ്ഗം മററു പിന്നോക്ക വിഭാഗങ്ങൾ ഇവരുടെ ക്ഷേമം സംബന്ധിച്ച മൂലധനച്ചെലവ് -മററു ചെലവുകൾ | - | 38,67,719/- |
| 17 | 4235-102-99<br>സാമൂഹ്യസുരക്ഷിതത്ത്വവും ക്ഷേമവും സംബന്ധിച്ച മൂലധനച്ചെലവ്<br>ശിശുക്ഷേമം - അംഗൻവാടികൾ | 5,50,000/- | 25,93,172/- |
| 18 | 5054-04-101<br>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - പാലങ്ങൾ | 10,00,000/- | 47,08,848/- |
| 19 | 5054-04-101<br>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ഗ്രാമറോഡുകൾ | - | 3,03,43,789/- |
| 20 | 5055-800-99<br>റോഡു ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് -റോഡുഗതാഗതം സംബന്ധിച്ച നിർമ്മാണച്ചെലവുകൾ | 1,00,000/- | 9,51,231/- |

അംഗീകരിച്ച ബജറ്റിൽ നിന്നുള്ള വ്യതിയാനത്തിന് ജില്ലാ പഞ്ചായത്തിന്റെ സാധൂകരണം തേടി ക്രമീകരിക്കേ താണ്.

LOCAL FUND AUDIT DEPARTMENT

## ഭാഗം 2
## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**ഇല്ല**

## ഭാഗം - 3
## ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### (3-1) പോസ്റ്റ് മെട്രിക് ഹോസ്റ്റലിന് സ്ഥലം വാങ്ങൽ - അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നം | - | 279/08 |
| വികസനഫ ˇ | - | Rs. 15,00,000/- (Vr.No: 178/3-10) |
| ജനറൽ പർപ്പസ് ഫ ˇ | - | Rs. 3,31,650/- (Vr.No: 114/3-10) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - | ജില്ലാ പഞ്ചായത്ത് സെക്രട്ടറി |

ജില്ലാ പഞ്ചായത്ത് 2007-08 സാമ്പത്തികവർഷം ആവിഷ്കരിച്ചതും സ്പിൽ ഓവറായി 2009-10 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം. 279/08 ആയി നടപ്പാക്കിയ പ്രോജക്ടാണ് 'പോസ്റ്റ് മെട്രിക് ഹോസ്റ്റലിന് സ്ഥലം വാങ്ങൽ' പട്ടികജാതി വിദ്യാർത്ഥികളുടെ പഠനസൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയതാണിത്. പ്രസ്തുത പ്രോജക്ടിനായി വസ്തു വാങ്ങുന്നതിന് പത്രപ്പരസ്യം നൽകിയതിന്റെ അടിസ്ഥാനത്തിൽ അടൂർ താലൂക്കിൽ പന്തളം വില്ലേജിലെ സർവ്വേ നം. 200/12 ൽ പ്പെട്ട 9.65 ആർ സ്ഥലവും സർവ്വേ നം. 200/12-2 -ൽ പ്പെട്ട 11.15 ആർ സ്ഥലവും ഉൾപ്പെടെ 20.80 ആർ സ്ഥലം വാങ്ങുന്നതിന് തീരുമാനിച്ചു. മേൽപ്പറഞ്ഞ സ്ഥലത്തിന് യഥാക്രമം 579000/- രൂപയും 669000/- രൂപയും തഹസിൽദാർ വില നിശ്ചയിച്ചു. എന്നാൽ മൂല്യനിർണ്ണയം തൃപ്തികരമല്ലെന്നും നിശ്ചയിച്ച വിലയ്ക്ക് വസ്തു നൽകുവാൻ കഴിയുകയില്ലെന്നും ഉടമസ്ഥൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ മൂല്യനിർണ്ണയം നടത്തിയ വിലയുടെ 30% അധികരിച്ച തുകയായ 752700/- രൂപ 9.65 ആർ സ്ഥലത്തിനും 869700/- രൂപ 11.15 ആർ സ്ഥലത്തിനും നൽകി. ആയതു പ്രകാരം മുദ്രപ്പത്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയുൾപ്പെടെ 1831650/- രൂപ ചെലവു വന്നിട്ടു ്. അംഗീകരിച്ച പ്രോജക്ട് പ്രകാരം 1500000/- രൂപയാണ് ലഭ്യമായ തുക. അധികമായി വേ ിവരുന്ന തുക ജനറൽ പർപ്പസ് ഫ ിൽ നിന്നും ചെലവഴിക്കുന്നതിനും തീരുമാനിച്ചു. പ്രസ്തുത പ്രോജക്ട് നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ക ത്തിയിട്ടു ്.

1. വസ്തു വാങ്ങിയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. 30% അധികം വില നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതിയുടെ ഐക്യകണ്ഠേനയുള്ള തീരുമാനം ആവശ്യമാണ്. (ഉത്തരവ് നം. ജി.ഒ(പി)/18/1998/22.01.1998) എന്നാൽ ഇങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ല.

3. വസ്തുവിലേയ്ക്ക് വഴി നൽകുന്നതിന് അയൽവാസിയായ വ്യക്തി സമ്മതപത്രം നൽകിയിട്ടേയുള്ളൂ. സഞ്ചാരയോഗ്യമായ വഴിയില്ല എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. സഞ്ചാരയോഗ്യമായ വഴി സൗകര്യം ലഭ്യമാക്കാതെ ഈ പദ്ധതി നടപ്പിലാക്കിയത് അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

4. വസ്തുവിന് അതിർത്തികെട്ടി സംരക്ഷിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടില്ല.

18,31,650/- രൂപ ചെലവാക്കി വസ്തു വാങ്ങിയെങ്കിലും തുടർനടപടികൾ യാതൊന്നും സ്വീകരിച്ചിട്ടില്ല. നാളിതുവരെ ഹോസ്റ്റൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. തഹസിൽദാർ നിശ്ചയിച്ച വിലയുടെ 30% അധികരിച്ച് തുക നൽകിയത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അധികം നൽകിയ

തുകയായ 3,74,400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് വേ 1 തുടങ്ങിവച്ച ഈ പ്രോജക്ട് നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്ന് അടിയന്തിര ശ്രദ്ധ ഉ ാകേ താണ്.

## (3-2) സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ - പദ്ധതി നിർവ്വഹണ ത്തിൽ അപാകത

| | | |
|---|---|---|
| പദ്ധതിയുടെ പേര് | - | കടമ്പനാട് ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ ( നമ്പർ 274/10) |
| പദ്ധതി അടങ്കൽ | - | 2,60,000/- (വികസനഫ ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - | സെക്രട്ടറി |

കടമ്പനാട് ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങി നൽകുവാൻ ഉദ്ദേശിച്ച് രൂപീകരിച്ച ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

I. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28/08/2008 ലെ 55239/ഡി.എ1/2008/ എൽ.എസ്.ജി.ഡി നമ്പർ സർക്കുലർ പ്രകാരം സ്കൂളുകൾക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.05.2008 ലെ എൻ.ഇ.പി.3/80281/07/ഡി.പി 1 നമ്പർ ഉത്തരവിലെ നിബന്ധനകൾ പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടു ്. ഇപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകുന്ന കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും മിനിമം സ്പെസിഫിക്കേഷനും പരമാവധി വിലയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| A | Dual core 2.2 Ghz, 1 GB DDR2 RAM 80 GB SATA HDD 7200 RPM, DVD WRITER, 15" TFT LCD DISPLAY, KEY BOARD, OPTICAL MOUSE, SPEAKER, PRELOADED WITH LINUX, 3 Yrs. WARRANTY | പരമാവധി വില Rs. 20,500/- |
| B | 600 VA OFFLINE UPS, 10-15 MINUTES BACKUP, 3 Yrs WARRANTY INCLUDE BATTERY | പരമാവധി വില Rs. 2,000/- |
| C | LASER PRINTER RESOLUTIONS 600X600, 14 PPM MONOCHROME, 1 Yr. WARRANTY | പരമാവധി വില Rs. 5,100/- |

LOCAL FUND AUDIT DEPARTMENT

മേൽ ചേർത്തിരിക്കുന്ന ടെക്നിക്കൽ സ്പെസിഫിക്കേഷനിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് മുൻകൂർ അനുമതി വാങ്ങണമെന്നും, മേൽ ക്വോട്ട് ചെയ്ത പരമാവധി വിലയ്ക്ക് ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ ലഭ്യമാണെങ്കിൽ അവ വാങ്ങാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടു ്. എന്നാൽ ജില്ലാ പഞ്ചായത്ത് ക്വട്ടേഷൻ പ്രകാരം അടൂർ ഇൻഫോ ഐ.റ്റി. സിസ്റ്റത്തിൽ നിന്ന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിരിക്കുന്നത് സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരമാവധി വിലയിൽ അധികം നൽകിയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു. (അംഗീകരിച്ച ക്വട്ടേഷൻ പ്രകാരമുള്ള യൂണിറ്റ് വില)

| | | | |
|---|---|---|---|
| സ്പെസിഫിക്കേഷൻ | (A) പ്രകാരമുള്ള P.C. - | Rs.28,870/- | (1 Unit) |
| '' | (B) പ്രകാരമുള്ള UPS - | Rs. 2,770/- | (1 Unit) |
| '' | (C) പ്രകാരമുള്ള Printer- | Rs. 6,800/- | (1 Unit) |
| വിൻഡോസ് -7 | Operating System - | Rs. 6,480/- | (1 Unit) |

I.T @ സ്കൂൾ പ്രോജക്ടുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിച്ചിരുന്ന പരമാവധി വിലയിൽ അധികം നൽകി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ ഇനത്തിൽ അടൂർ ഇൻഫോ ഐ.ടി.സിസ്റ്റത്തിന് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | നൽകിയ തുക | നൽകാവുന്ന പരമാവധി തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | സ്പെസിഫിക്കേഷൻ (A) പ്രകാരമുള്ള P.C. | 7 | 7X28870= 202090/- | 7X20500= 143500/- | 58590/- |
| 2 | (B) പ്രകാരമുള്ള UPS | 3 | 3X2770= 8310/- | 3X2000= 6000/- | 2310/- |
| 3 | (C) പ്രകാരമുള്ള Printer | 3 | 3X6800= 20400/- | 3X5100= 15300/- | 5100/- |
| 4 | വിൻഡോസ് -7 Operating System | 3 | 3X6480= 19440/- | Free Software ആയ LINUX ആണ് ഉപയോഗിക്കേ ത്. | 19440/- |
| | | | 250240/- | 164800/- | 85440/- |

LOCAL FUND AUDIT DEPARTMENT

INFO IT അടൂർ ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം ആകെ തുക 250240/- രൂപയാണെങ്കിലും ഡി.ഡി. നമ്പർ 669980 തീയതി 20.04.2010 പ്രകാരം അവർക്ക് നൽകിയിരിക്കുന്നത് 248597/- രൂപയാണ്. എന്നാൽ INFO IT അടൂർ ഹാജരാക്കിയ ബില്ലിന്റെ പൂർണ്ണരൂപം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിട്ടും മറുപടി നൽകിയിട്ടില്ല. ഈ സ്ഥിതിയ്ക്ക് INFO IT അടൂരിന് ഡി.ഡി.പ്രകാരം നൽകിയ 248597/- രൂപയിൽ സർക്കാർ നിശ്ചയിച്ച പരമാവധി നിരക്ക് അധികരിച്ചു നൽകിയ 83797/- രൂപ (248597-164800) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേ   താണ്.

II. കടമ്പനാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന, ജില്ലാ പഞ്ചായത്തിനു വിട്ടുകിട്ടിയിട്ടുള്ള സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങി നൽകുവാനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. കടമ്പനാട് ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും മറ്റു സ്കൂളുകളുമായി ഇവയ്ക്ക് തുല്യത ഉറപ്പുവരുത്തുകയുമായിരുന്നു പദ്ധതി ലക്ഷ്യം. എന്നാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുള്ളത് പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന മൂന്നു സ്കൂളുകൾക്കാണ്. ജില്ലാ പഞ്ചായത്തിന്റെ 23.03.2010 ലെ 2(2)-ാം നമ്പർ തീരുമാന പ്രകാരം ''കടമ്പനാട് ഗ്രാമപഞ്ചായത്തിലെ ജി.ജി.എച്ച്.എസ്.എസ്. അടൂർ, ജി.എച്ച്.എസ്.എസ്., തെങ്ങമം, റ്റി.എം.ജി.എച്ച്.എസ്.എസ്. പെരിങ്ങനാട് എന്നീ സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഇൻഫോ ഐ.റ്റി. അടൂരിന്റെ ക്വട്ടേഷൻ അംഗീകരിച്ചു'' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കടമ്പനാട് ഗ്രാമ പഞ്ചായത്തിൽ ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയ സ്കൂളുകൾ ഒന്നും തന്നെ ഇല്ലായെന്നിരിക്കെ ഇങ്ങനെ ഒരു പദ്ധതി രൂപീകരിച്ചതിനും മേൽപ്പറഞ്ഞ കമ്മിറ്റി തീരുമാനം എടുത്തതിനും ഓഡിറ്റിൽ വിശദീകരണം നൽകേ   താണ്. കൂടാതെ ആകെ ചെലവഴിച്ച തുകയിൽ നിന്നും നിരാകരിച്ച 83,797/- രൂപ കിഴിച്ച് ബാക്കിയുള്ള 1,64,800/- രൂപ പ്രസ്തുത അപാകതകൾ ഉള്ളതിനാൽ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## (3-3) <u>സ്കൂളുകൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ - വിതരണം ചെയ്യാത്ത ഫർണീച്ചറുകൾക്ക് തുക നൽകിയത് - അധികം നൽകിയ തുക നിരാകരിക്കുന്നു.</u>

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | ജില്ലയിലെ GHS, GHSS കൾക്ക് ഫർണീച്ചർ വാങ്ങൽ (No.622/10) |
| പദ്ധതി അടങ്കൽ | : | 6813112/- (മെയിന്റനൻസ്ഗ്രാന്റ്, റോഡിതരം) |

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പത്തനംതിട്ട ജില്ലാപഞ്ചായത്ത് 2009-10 വർഷം നടപ്പിലാക്കിയ ടി പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ഫർണീച്ചറുകൾ വാങ്ങി നൽകുന്നതിനോടൊപ്പം ജില്ലയിൽ സ്മാർട്ട് ക്ലാസ്റൂം സംവിധാനം നടപ്പിലാക്കിയ 32 സ്കൂളുകൾക്ക് 45 കസേരകൾ വീതം (Jafferson chair with writing pad) സിഡ്കോയിൽ നിന്ന് വാങ്ങി നൽകുവാൻ 27.01.2010 ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 2(5) നമ്പർ തീരുമാന പ്രകാരം തീരുമാനിച്ചു ഇതനുസരിച്ച് സിഡ്കോയുടെ തിരുവല്ല മാർക്കറ്റിംഗ് സെന്റർ സ്പെഷ്യൽ ഓഫീസർ 05.02.2010 ൽ സമർപ്പിച്ച ഇൻവോയിസ് പ്രകാരം ഒരു കസേരയ്ക്ക് Rs.1200+12.5% VAT+1% Cess on VAT നിരക്കിൽ 1440 കസേരകൾ വിതരണം ചെയ്യുവാൻ 20.02.2010 ലെ നമ്പർ B2-274/10 നമ്പർ കത്ത് പ്രകാരം സെക്രട്ടറി നിർദ്ദേശം നൽകി. ഇവയുടെ വിതരണം 25.03.2010 ന് മുൻപായി പൂർത്തിയാക്കി വിവരം ജില്ലാ പഞ്ചായത്തിനെ അറിയിക്കണമെന്നും നിർദ്ദേശിച്ചു. കസേരയടക്കമുള്ള ഫർണീച്ചറുകൾ സ്കൂളുകളിൽ വിതരണം ചെയ്തതായി സിഡ്കോ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഡി.ഡി. നമ്പർ 667206 തീയതി 31.03.2010 പ്രകാരം 2181459/- രൂപയും ഡി.ഡി.നം. 667218 തീയതി 31.03.2010 പ്രകാരം 4169732/- രൂപയും മാനേജർ, സിഡ്കോ, തിരുവല്ലയുടെ പേർക്ക് നൽകി. ഈ പദ്ധതി പ്രകാരം വിതരണം ചെയ്ത കസേരയുടെ വില ചുവടെ ചേർക്കുന്നു. (Jafferson Chair with writing pad)

| | | |
|---|---|---|
| യൂണിറ്റ് വില | – | 1200.0 |
| വാറ്റ് 12.5% | – | 150.0 |
| 1% സെസ് | – | 1.5 |
| ആകെ ഒരു യൂണിറ്റിന്റെ വില | – | 1351.5 |
| വിതരണം ചെയ്തതായി കാണിച്ച 1440 കസേരകളുടെ വില | – | 1440x1351.5 = 19,46,160/- |

എന്നാൽ ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, ജില്ലാ പഞ്ചായത്ത് നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ് ഇടമുറി, റാന്നി എന്ന സ്കൂളിന് 45 കസേരകൾ വിതരണം ചെയ്തതിന്റെ രേഖകളൊന്നും ഹാജരാക്കിയിരുന്നില്ല. നേരിട്ട് അന്വേഷണം നടത്തിയതിൽ, ഈ സ്കൂളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കസേരകൾ ലഭിച്ചിട്ടില്ലെന്ന് വ്യക്തമായി 22.02.2012 ലെ ഓഡിറ്റ് എൻക്വയറി നമ്പർ F2 ന്റെ മറുപടിയായി കസേരകൾ ടി സ്കൂളിൽ വിതരണം ചെയ്തിട്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടു ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫർണീച്ചറുകളുടെ വിതരണം ഉറപ്പുവരുത്തേ ത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. എന്നാൽ വിതരണം ചെയ്യാത്ത 45 കസേരകളുടെ വില അധികമായി നൽകിയിരിക്കുകയാണ് ചെയ്തിട്ടുള്ളത്. അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 കസേരയുടെ വില | - | 1351.5 (നികുതിയടക്കം) |
| 45 കസേരകളുടെ വില | - | 45x1351.5 = 60817.5 = 60818 രൂപ |

വിതരണം ചെയ്യാത്ത കസേരകൾക്ക് അധികമായി നൽകിയ 60,818/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേ താണ്.

## (3-4) ജില്ലാ പഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടാത്ത യു.പി. സ്കൂളുകൾക്ക് സ്പോർട്ട്സ് കിറ്റ് നൽകി. ചെലവ് തടസ്സപ്പെടുത്തുന്നു (399312/- രൂപ)

| | | |
|---|---|---|
| പ്രോജക്ട് നം | - | 302/2010 |
| പ്രോജക്ടിന്റെ പേര് | - | ജില്ലയിലെ വിവിധ സ്കൂളുകളിൽ സ്പോർട്ട്സ് കിറ്റ് നൽകുന്നു. |
| അടങ്കൽ | - | 4,00,000/- (വികസനഫ ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | - | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ |
| ബിൽ നം/ തീയതി | - | 7/09-10 തീയതി 15.03.2010 |
| ചെലവഴിച്ച തുക | - | 3,99,312/- |
| തീരുമാനത്തിന്റെ നമ്പരും തീയതിയും | - | 500/09/ഡി.പി.ഒ/പി.റ്റി.എ/ഡി.ഒ. 30000/302 തീയതി 13-11-2009 |

ജില്ലയിലെ 48 ഗവൺമെന്റ് ഹയർസെക്ക റി സ്കൂളുകൾക്കും പതിനൊന്ന് സബ്ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗവൺമെന്റ് യു.പി.സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വാങ്ങുന്നതിനാണ് തുക വകയിരുത്തിയിരുന്നത്. സ്പോർട്സ് കിറ്റ് വാങ്ങുന്നതിനായി ടെ ർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത അടൂർ കിക്കോ സ്പോർട്സിൽ നിന്നും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടു ്. 7/09-10-ാം നമ്പർ ബിൽ പ്രകാരം പിൻവലിച്ച 3,99,312/- രൂപയിൽ 3,96,421/- രൂപ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനും 2,891/- രൂപ പത്രപരസ്യം നൽകിയതിനുമായി ചെലവഴിച്ചിട്ടു ്. 3,96,421/- രൂപയുടെ ഇൻവോയിസ് (നം. 1561/തീയതി 22.02.2010) മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ടി തുകയ്ക്കുള്ള ക്യാഷ്ബില്ലോ കൈപ്പറ്റ് രസീതോ ഫയലിൽ ഇല്ല. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 59 സ്കൂളുകൾക്ക് വിതരണം ചെയ്തതായും അതിൽ 11 യു.പി. സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് നൽകിയതായും കാണുന്നു. ജില്ലാപഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടാത്ത യു.പി.സ്കൂളുകൾക്ക് കൂടി സ്പോർട്സ് കിറ്റ് നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചതും അംഗീകാരം നൽകിയതും നടപ്പാക്കിയതും ഉചിതമായ നടപടി യല്ല. കൂടാതെ കൈപ്പറ്റ് രസീത്, ക്യാഷ്ബിൽ, സ്റ്റോക്കിൽ ചേർത്തതായും വിതരണം ചെയ്തതായും ഉള്ള രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക ചെലവഴിച്ചിട്ടുള്ളത് സ്പോർട്സ് കിറ്റ് വാങ്ങുവാൻ തന്നെയാണോയെന്ന് ഓഡി

LOCAL FUND AUDIT DEPARTMENT

റ്റിന് സ്ഥിരീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഇതിനായി ചെലവഴിച്ച 3,99,312/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾ മുഖേന വേണമായിരുന്നു നടപ്പിലാക്കേ ിയിരുന്നത്. ടി വിഷയത്തിലേയ്ക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## (3-5) മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങൽ - ചെലവ് രേഖകൾ ഹാജരാക്കാതെ തുക നൽകി.

2009-10 സാമ്പത്തികവർഷം ജില്ലാപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയാണ് മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങൽ. മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് ടി ആവശ്യത്തിലേയ്ക്കായി 21748/- രൂപ വികസനഫ ്ൽ നിന്നും അനുവദിച്ചിട്ടു ്. (പ്രോജക്ട് നം. 305/09-10 - അടങ്കൽ - 100000/-) പദ്ധതി നടത്തിപ്പിൽ ക അപാകതകൾ ചുവടെ ചേർക്കുന്നു.

1. വായനശാലയുടേയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും ഗ്രാമപഞ്ചായത്തിന്റെ മേഖലാ ചുമതലയിൽപ്പെടുന്ന പ്രവൃത്തിയാണ്. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നതല്ല.

2. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ പുസ്തകങ്ങളുടെ ലിസ്റ്റ് മാത്രമാണ് ചെലവുരേഖയായി ഹാജരാക്കിയിട്ടുള്ളത്. പുസ്തകങ്ങൾ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല.

3. ഹാജരാക്കിയ ലിസ്റ്റ് പ്രകാരമുള്ള പുസ്തകങ്ങളുടെ ആകെ വില 11,848/- രൂപ മാത്രമാണ്.

കേവലം സെക്രട്ടറി ഹാജരാക്കിയ വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ ലിസ്റ്റ് ആധാരമാക്കി തുക നൽകിയത് ശരിയായ നടപടിയല്ല. ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും അനുബന്ധരേഖകൾ ഹാജരാക്കിയില്ല. ചെലവുതുക 21,748/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-6) പട്ടികവർഗ്ഗ ഭവനനിർമ്മാണം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

2007-08 സാമ്പത്തികവർഷം ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പട്ടികവർഗ്ഗ പരിചരണ സേവനപാക്കേജിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്ത പദ്ധതിയാണ് പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഭവന നിർമ്മാണം. ഏകവർഷ പ്രോജക്ടായി ആസൂത്രണം ചെയ്ത പദ്ധതി നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാകാത്തതു കാരണം പിന്നീടുള്ള വർഷങ്ങളിൽ സ്പിൽ

LOCAL FUND AUDIT DEPARTMENT

ഓവറായി തുടരുകയാണ്. (2011-12 വർഷവും തുടർപദ്ധതിയായി നടപ്പിലാക്കിയിട്ടു ്.)

പതിനൊന്നാം പദ്ധതി മാർഗ്ഗരേഖപ്രകാരം പട്ടികവർഗ്ഗവിഭാഗത്തിനുള്ള വീടു നിർമ്മാണ പദ്ധതി ജില്ലാപഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണെങ്കിലും നിർവ്വഹണം ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കേ താണ്. എന്നാൽ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പട്ടികവികസന ഓഫീസറെ നിർവ്വഹണോദ്യോഗസ്ഥനാക്കി പദ്ധതി ജില്ലാപഞ്ചായത്ത് നേരിട്ട് ഏറ്റെടുത്ത് നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 100000/- രൂപ വീതം ആനുകൂല്യം നൽകാൻ വിഭാവനം ചെയ്ത പദ്ധതിയിൽ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേരും വിലാസവും | ഗഡു കൈപ്പറ്റിയതിന്റെ വിവരം | ഡി.ഡി.നം/ തീയതി |
|---|---|---|---|
| 1 | കെ.ജി.ജയൻ, മരുതുമൂട്ടിൽ<br>വേലം പ്ലാവ്, ളാഹ.പി.ഒ | 15000/-<br>5000/- | 408911/13.03.2008<br>408305/13.03.2008 |
| 2 | ഭാസ്കരൻ<br>താനുവേലിൽ തോട്ടത്തിൽ<br>ഇളംപള്ളിൽ, പയ്യനല്ലൂർ.പി.ഒ | 15000/-<br>5000/-<br>30000/-<br>20000/- | 408928<br>408822<br>775667/01.09.2008<br>541965/16.06.2009 |
| 3 | ദാസ്<br>ആവണിപ്പാറ,<br>ഗിരിജൻ കോളനി | 15000<br>5000<br>30000<br>30000 | 468931/13.03.08<br>408825/13.03.08<br>547591/29.07.09<br>668213/19.03.10 |
| 4 | ഷീബ.പി.,<br>ആവണിപ്പാറ, ഗിരിജൻകോളനി,<br>ചെമ്പനരുവി.പി.ഒ | 15000<br>5000<br>30000<br>30000 | 408932/13.03.08<br>408826/13.03.08<br>407714/13.05.08<br>211450/24.03.09 |
| 5 | കുഞ്ഞുമോൾ.കെ.ജി<br>കണനിൽക്കുന്നതിൽ<br>പാമ്പിനി.പി.ഒ., ചിറ്റാർ | 15000<br>5000<br>30000 | 408939/13.03.08<br>408833/13.03.08<br>447704/13.05.08 |
| 6 | ഉല്ലാസ് തങ്കപ്പൻ, ഓട്ടുപുരയിൽ<br>പൊള്ളനാവയൽ, നാറാണംമൂഴി | 15000<br>5000<br>30000 | 408955/13.03.08<br>408849/13.03.08<br>407131/08.04.08 |
| 7 | ബിജു സുനിൽ, ചരിവുകാലായിൽ<br>പൊന്തനാവയൽ, നാറാണംമൂഴി | 15000<br>5000<br>30000 | 408956/13.03.08<br>408850/13.03.08<br>407719/13.05.08 |
| 8 | ബിജു, വെള്ളപ്പതാലിൽ<br>അടിച്ചിപ്പുഴ, കരികുളം പി.ഒ | 15000<br>5000<br>30000 | 408963/13.03.08<br>408857/13.03.08<br>407720/13.05.08 |
| 9 | ബീന.പി.സി | 20000<br>30000 | 409895/28.03.08<br>408179/28.05.08 |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| | പതാലിൽ, ചൊള്ളുനാവയൽ<br>പനംകുടി, നാറാണംമൂഴി | 30000 | 668790/30.03.10 |
| 10 | തങ്കമ്മ<br>ചരിവുപതാലിൽ<br>പാമ്പിനി | 15000<br>5000<br>30000<br>30000 | 408967/13.03.08<br>408861/13.03.08<br>407702/13.05.08<br>26994/11.12.08 |
| 11 | സുരേഷ് എം.റ്റി., മൂവനാംകുഴിയിൽ<br>ഇരവിപേരൂർ, കോഴിമല പി.ഒ | 15000<br>5000<br>30000 | 408976/13.03.08<br>408905/13.03.08<br>407731/13.05.08 |
| 12 | മഞ്ജു ബിനു<br>പാലനിൽക്കുന്നതിൽ, കൈതക്കര | 20000<br>30000<br>30000 | 409898/28.03.08<br>027768/24.02.09<br>666093/11.02.10 |
| 13 | സുമ സുഭദ്രൻ<br>പടിഞ്ഞാറ്റേതിൽ, കരികുളം | 20000<br>30000<br>30000 | 409901/28.05.08<br>408186/28.05.08<br>540613/28.03.11 |
| 14 | സുധാകരൻ.കെ.കെ<br>വെൺതേക്കുംമൂട്ടിൽ, കരികുളം | 20000<br>30000 | 409902/28.03.08<br>025317/17.10.08 |

പണി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേ താണ്. പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി പദ്ധതി നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേ തുമാണ്.

## (3-7) ബ്ലോക്ക് / ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതിവിഹിതം - നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല.

പത്തനംതിട്ട ജില്ലാപഞ്ചായത്ത് 2009-10 സാമ്പത്തികവർഷം ജില്ലയിലെ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ പദ്ധതികൾ നിർവ്വഹിക്കുന്നതിന് 5096000/- രൂപ പദ്ധതി വിഹിതമായി നൽകിയിട്ടു ്. ഇതിനായി ജില്ലാപഞ്ചായത്ത് രൂപീകരിച്ച 21 പദ്ധതികൾക്ക് ആസൂത്രണസമിതിയുടെ അംഗീകാരവും ലഭിച്ചി ട്ടു ്. പദ്ധതി വിഹിതമായി ജില്ലാപഞ്ചായത്ത് തുക നൽകിയതല്ലാതെ, ബന്ധപ്പെട്ട ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ ടി തുക പദ്ധതി നിർവ്വഹണത്തിനായി ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തുവാൻ നാളിതുവരെ ജില്ലാപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. പദ്ധതിവിഹിതം നൽകിയതുമായി ബന്ധപ്പെട്ട് പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ഒന്നിലും തന്നെ പ്രസ്തുത തുക ചെലവഴിച്ചതു സംബന്ധിച്ച് വിനിയോഗസർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. 12.04.2006 ലെ ജി.ഒ(പി) 177/2006/ഫിൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതമായി ലഭിക്കുന്ന തുക യഥാസമയം വിനിയോഗിച്ചില്ലെങ്കിൽ ആ തുക ഡി.ഡി.ആക്കി തുക ലഭ്യമാക്കിയ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേർക്ക് തിരികെ നൽകേ തും അത് തിരിച്ച് സർക്കാർ ഫ ിലേയ്ക്ക് ഒടുക്കുവരുത്തേ തുമാണ്. വിഹിതം നൽകിയ 5096000/- രൂപ ജില്ലാപഞ്ചായത്ത് തൻവർഷത്തെ ചെലവായി കണക്കാക്കിയിട്ടു ങ്കിലും യഥാർത്ഥത്തിൽ ടി തുക പദ്ധതി നിർവ്വഹണവുമായി

LOCAL FUND AUDIT DEPARTMENT

ബന്ധപ്പെട്ട് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിച്ചതിന് രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ വിവിധ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിട്ടുള്ള തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | ജില്ലാ പഞ്ചായത്ത് വകയിരുത്തിയ തുക | ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയ വിഹിതം |
|---|---|---|---|
| 1 | 24/10 നെല്ലിമുകൾ മാർക്കറ്റ് പുനരുദ്ധാരണം-പറക്കോട് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം | 150000 | 150000 |
| 2 | 226/10-പൊതുമാർക്കറ്റ് പുനരുദ്ധാരണം-കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന് വിഹിതം | 200000 | 200000 |
| 3 | 245/10 കൃഷി ഭവൻ നിർമ്മാണം - വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന് വിഹിതം | 400000 | 400000 |
| 4 | 250/10 നാറാണംതോട് ജലസേചന പദ്ധതി റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന് വിഹിതം | 200000 | 200000 |
| 5 | 254/10 മൃഗാശുപത്രികെട്ടിടം പുനരുദ്ധാരണവും അനുബന്ധ സൗകര്യങ്ങളും - ഏറത്ത് ഗ്രാമപഞ്ചായത്തിന് വിഹിതം | 100000 | 100000 |
| 6 | 330/10 കൃഷി വിജ്ഞാനകേന്ദ്ര സജീകരണം- മൈലപ്ര ഗ്രാമപഞ്ചായത്തിന് വിഹിതം | 244000 | 244000 |
| 7 | 331/10- പച്ചക്കറി കൃഷി യൂണിറ്റുകൾ- ഗ്രാമപഞ്ചായത്ത് വിഹിതം | 75000 | 75000 |
| 8 | 332/10 കാർഷിക വിപണനകേന്ദ്രം അനുബന്ധപ്രവൃത്തികൾ - തണ്ണി ത്തോട് ഗ്രാമപഞ്ചായത്തിന് വിഹിതം | 400000 | 400000 |
| 9 | 708/10 പാടശേഖരസമിതിയ്ക്ക് കോണോവിഡർ വിതരണവും നടീൽ യന്ത്രം നൽകലും - കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന് വിഹിതം | 100000 | 100000 |
| 10 | 285/10 -വെൺകുറിഞ്ഞി അംഗൻവാടി കെട്ടിടനിർമ്മാണം - വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്തിന് വിഹിതം | 200000 | 200000 |
| 11 | തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ 85-ാം നമ്പർ അംഗൻവാടി കെട്ടിടത്തിന് വിഹിതം | 377000 | 377000 |

| | | | |
|---|---|---|---|
| 12 | 292/10 ചിറ്റാർ ഗ്രാമപഞ്ചായത്തിന് ആശ്രയപദ്ധതി വിഹിതം | 100000 | 100000 |
| 13 | 692/10-ആശ്രയപദ്ധതിയ്ക്ക് റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന് വിഹിതം | 200000 | 200000 |
| 14 | 293/10-ചിറ്റാർ ഗ്രാമപഞ്ചായത്തിന് സമ്പൂർണ്ണ ഭവനനിർമ്മാണത്തിന് വിഹിതം | 1000000 | 1000000 |
| 15 | 397/10-ഊരാളി സെറ്റിൽമെന്റ് കോളനി സമഗ്ര വികസനം- അരുവാപ്പുലം ഗ്രാമപഞ്ചായത്തിന് വിഹിതം | 100000 | 100000 |
| 16 | 398/10-ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന് എസ്.സി കോളനിയിൽ അംഗൻവാടി കെട്ടിടം - കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന് വിഹിതം | 250000 | 250000 |
| 17 | 694/10-കമ്പനിമലയിൽ അംഗൻവാടി കെട്ടിടനിർമ്മാണം - പുറമറ്റം ഗ്രാമ പഞ്ചായത്തിന് വിഹിതം | 300000 | 300000 |
| 18 | 695/10-കാഞ്ഞിരമുകൾ പടിഞ്ഞാറ്റ്ഭാഗം കുടിവെള്ള പദ്ധതി - കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം | 200000 | 200000 |
| 19 | 696/10 സമ്പൂർണ്ണ ഭവനനിർമ്മാണം - ചിറ്റാർ ഗ്രാമപഞ്ചായത്തിന് വിഹിതം | 200000 | 200000 |
| 20 | തട്ടാക്കുഴി ഐ.എച്ച്.ഡി.പി കോളനി നവീകരണം - കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന് വിഹിതം | 200000 | 200000 |
| 21 | അരുവാപ്പുലം പ്രിയദർശിനി കോളനിയിൽ കലുങ്ക് നിർമ്മാണം - അരുവാപ്പുലം ഗ്രാമപഞ്ചായത്തിന് വിഹിതം | 100000 | 100000 |
| ആകെ ചെലവ് | | | 5096000 |

ടി സാഹചര്യത്തിൽ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയോ ടി തുകകൾ തിരികെ ഈടാക്കി സർക്കാർ ഫ  ിലേയ്ക്ക് ഒടുക്കുവരുത്തുവാൻ നടപടികൾ സ്വീകരിക്കുകയോ ചെയ്യേ  താണ്.

LOCAL FUND AUDIT DEPARTMENT

## (3-8) രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപറയുന്ന 6 പ്രവൃത്തികളുടെ ഫയലുകൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഓഡിറ്റ് എൻക്വയറി (നം.എം.4/06.03.12) നൽകിയിട്ടും ഓഡിറ്റിനു ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 26/09-10 | പള്ളിയ്ക്കൽ ഇളമ്പള്ളിൽ മേക്കുന്നം മുകൾഭാഗത്ത് കമ്മ്യൂണിറ്റി ഹാൾ | 204379 |
| 2 | 32/09-10 | പള്ളിയ്ക്കൽ തോട്ടുവ ഭാഗത്ത് കമ്മ്യൂണിറ്റി ഹാൾ | 335645 |
| 3 | 39/09-10 | ഏഴോലി അംഗനവാടി | 111504 |
| 4 | 121/09-10 | ഓമല്ലൂർ പള്ളം ഹരിജൻകോളനിയിൽ അടിസ്ഥാന സൗകര്യവികസനം | 309467 |
| 5 | 150/09-10 | പന്തളം ചേരിയ്ക്കൽ വെൽഫെയർ മൈതാനം | 79819 |
| 6 | 174/09-10 | ജെ.എം.പി.എച്ച്.എസ്. മലയാലപ്പുഴ സ്റ്റോർ റൂം നിർമ്മാണം | 475259 |
| | | ആകെ | 15,16,073 |

2007-08 ലും 2008-09 ലും ഈ പദ്ധതികൾക്കായി കൺവീനർമാർക്കു അഡ്വാൻസ് തുക നൽകിയിട്ടു ്. അഡ്വാൻസ് രജിസ്റ്ററിൽ നിന്ന് നാളിതുവരെ (3/2012) ഈ തുകകൾ ക്രമീകരിച്ചിട്ടില്ല. മേൽ 6 പ്രവൃത്തികൾ ഇതേ കൺവീനർമാർ തന്നെയാണോ നിർവ്വഹിച്ചത് എന്ന് ഫയൽ സമർപ്പിക്കാത്തതു കാരണം ഓഡിറ്റിന് അറിയാൻ കഴിഞ്ഞിട്ടില്ല. മുൻവർഷങ്ങളിൽ ഇതേ പ്രവൃത്തികൾക്കായി അഡ്വാൻസ് കൊടുത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | കൺവീനറുടെ പേര് | തീയതി | തുക |
|---|---|---|---|---|
| 1 | പള്ളിയ്ക്കൽ മേക്കുന്നം മുകൾ ഭാഗത്ത് കമ്മ്യൂണിറ്റി ഹാൾ | കെ.ജോയിക്കുട്ടി | 11.03.2008<br>27.03.2008 | 140000 |
| 2 | ജെ.എം.പി.എച്ച്.എസ്. മലയാലപ്പുഴ സ്റ്റോർറൂം നിർമ്മാണം | ഡി.ശിവദാസ് | 18.03.2008 | 100000 |

LOCAL FUND AUDIT DEPARTMENT

| | | | | |
|---|---|---|---|---|
| 3 | ഓമല്ലൂർ പള്ളം ഹരിജൻ കോളനിയിൽ അടിസ്ഥാന സൗകര്യവികസനം | പി.കെ.ശശി | 26.02.2009 | 97000 |
| 4 | ഏഴോലി അംഗനവാടി | രാജു തേക്കടിയിൽ | 27.03.2008 | 72500 |
| 5 | പന്തളം ചേരിയ്ക്കൽ വെൽഫെയർ മൈതാനം | പി.റ്റി. ബാലകൃഷ്ണൻ | 17.03.2008 | 100000 |
| 6 | പള്ളിയ്ക്കൽ തോട്ടുവ ഭാഗത്ത് കമ്മ്യൂണിറ്റി ഹാൾ | എ.കെ. സന്തോഷ്കുമാർ | 18.03.2008 | 100000 |
| ആകെ | | | | 6,09,500/- |

2009-10 ൽ മേൽ 6 പ്രവൃത്തികളും പൂർത്തീകരിച്ചത് അഡ്വാൻസ് കൈപ്പറ്റിയ കൺവീനർമാരാണോ എന്ന് ഓഡിറ്റിനു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഫയലുകൾ ഹാജരാക്കാത്തതിനാൽ 2009-10 ൽ നൽകിയ 15,16,073/- രൂപ തടസ്സപ്പെടുത്തുന്നു. ഇതോടൊപ്പം ലോക്കൽ ഫ ് ഓഡിറ്റ് ആക്ട് 11 I(b) പ്രകാരമുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

**(3-9) കാർഷിക യന്ത്രവത്കരണം - കമ്പൈൻഡ് ഹാർവെസ്റ്റർ വാങ്ങൽ - 62.4 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ യന്ത്രങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നു.**

ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണഉദ്യോഗസ്ഥനായി 2009-10 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് നം. എസ് 0003/09 പ്രകാരം 62,40,000/- രൂപ ചെലവഴിച്ച് മൂന്ന് കമ്പൈൻഡ് ഹാർവെസ്റ്റർ വാങ്ങിയിട്ടു ്.

ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം | എണ്ണം | തുക | ഡി.ഡി.നം/തീയതി |
|---|---|---|---|
| 02/09-10 | 2 | 4160000/- | 787926/06.07.2009 |
| 04/09-10 | 1 | 2080000/- | 788097/14.07.2009 |
| | | **6240000/-** | |

അംഗീകരിച്ച പദ്ധതിപ്രകാരം ജില്ലയിലെ മൂന്ന് സീഡ്ഫാമുകളിൽ ഈ ഹാർവെസ്റ്ററുകൾ സൂക്ഷിക്കുന്നതിനും കർഷകർക്ക് മിതമായ നിരക്കിൽ നൽകുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. ആയത് പ്രകാരം മൂന്ന് ഫാമുകളിലും 2009-10 ൽ പദ്ധതി തുക ഉപയോഗിച്ച് ഷെഡ്ഡുകൾ നിർമ്മിച്ചിട്ടു ്. എന്നാൽ ടി യന്ത്രങ്ങൾ സീഡ്ഫാമുകൾക്ക് കൈമാറാതെ പന്തളം കൃഷി അസി.എക്സി.എഞ്ചിനീയറുടെ ഓഫീസ് കോമ്പൗ ിലാണ് സൂക്ഷിച്ചിരിക്കുന്നത്.

LOCAL FUND AUDIT DEPARTMENT

വൻതുക ചെലവഴിച്ച് വാങ്ങിയ ഹാർവെസ്റ്ററുകൾ ഫലപ്രദമായി ഉപയോഗിച്ചതായി കാണുന്നില്ല. ജില്ലയിലെ കർഷകർക്ക് ഇതുകൊ ് വേ ത്ര പ്രയോജനം ലഭിച്ചിട്ടില്ല. നാളിതുവരെ മൂന്ന് ഹാർവെസ്റ്ററുകളും കൂടി ആകെ 200 മണിക്കൂറാണ് പ്രവർത്തിച്ചിട്ടുള്ളത്. വാടകയിനത്തിൽ 1,40,510/- രൂപ (മണിക്കൂറിൽ 700/- രൂപ നിരക്കിൽ) ലഭിച്ചിട്ടു ്. എന്നാൽ സ്വരാജ് ക്ലാസിൽപ്പെട്ട ടി യന്ത്രങ്ങൾ ജില്ലയിലെ പാടശേഖരങ്ങൾക്ക്, പ്രത്യേകിച്ചും അപ്പർകുട്ടനാട് മേഖലയിൽ, അനുയോജ്യമല്ലാത്തതിനാലാണ് ടി യന്ത്രങ്ങൾ കർഷകർ വാടകയ്ക്ക് എടുക്കുന്നതിന് വിമുഖത കാണിയ്ക്കുന്നത്. അപ്പർ കുട്ടനാട് മേഖലയിൽ ആയതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും ഏജന്റുമാർ മുഖേന യന്ത്രങ്ങൾ കൊ ു വന്നാണ് ഉപയോഗിക്കുന്നത്.

ഇപ്രകാരം പ്രദേശത്തിന് അനുയോജ്യമല്ലാത്ത യന്ത്രങ്ങൾ വാങ്ങാൻ പദ്ധതി ആസൂത്രണം ചെയ്യുകയും ആയത് പ്രകാരം വാങ്ങിയ ഹാർവെസ്റ്ററുകൾ കർഷകർക്ക് പ്രയോജനപ്രദമാക്കാത്തവിധം ഉപയോഗശൂന്യമായി കിടക്കുകയും ചെയ്യുന്നത് പദ്ധതിയുടെ പരാജയമാണ് കാണിക്കുന്നത്. ഈ വിഷയത്തിൽ ജില്ലാ പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേ താണ്.

## (3-10) കാർഷിക യന്ത്രവൽക്കരണം - വിതരണം ചെയ്ത യന്ത്രങ്ങളുടെ ഉപയോഗം സംബന്ധിച്ച് രേഖകൾ സൂക്ഷിക്കുന്നില്ല.

ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ പദ്ധതി നം. എസ്-001/10 (നെൽകൃഷി വികസനം), പദ്ധതി നം. എസ്-243/10 (സമഗ്ര നെൽകൃഷി വികസനം) എന്നിവ പ്രകാരം 5 ട്രാക്ടറുകൾ, 6 പവർ ടില്ലറുകൾ, 5 ത്രെഷർ-കം-വിന്നോവർ, 6 പവർ റീഡർ എന്നിവ വാങ്ങിയിട്ടു ്. ആയതിന് ആകെ 39,61,300/- രൂപ ചെലവഴിച്ചിട്ടു ്. ഓഡിറ്റ് എൻക്വയറി പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ അനുസരിച്ച് പവർ ടില്ലറുകൾ, ട്രാക്ടറുകൾ, വിന്നോവറുകൾ, റീപ്പറുകൾ എന്നിവയുടെ വിതരണം നടത്തിയത് ചുവടെ പറയുന്ന കൃഷി ഭവനുകൾക്കാണ്.

| ടില്ലർ | ട്രാക്ടർ | വിന്നോവർ | റീപ്പർ |
|---|---|---|---|
| മൈലപ്ര | ഓമല്ലൂർ | തോന്നല്ലൂർ | തോന്നല്ലൂർ |
| പെരിങ്ങര | കോയിപ്രം | പള്ളിയ്ക്കൽ | പള്ളിയ്ക്കൽ |
| പള്ളിയ്ക്കൽ | പന്തളം | അയിരൂർ | അയിരൂർ |
| ഏറത്ത് | കൊടുമൺ | കൊടുമൺ | കൊടുമൺ |
| അരുവാപ്പുലം | പെരിങ്ങര | കടമ്പനാട് | കടമ്പനാട് |
| മല്ലപ്പുഴശ്ശേരി | | | |

ടി യന്ത്രങ്ങൾ വിവിധ പാടശേഖരസമിതികൾക്ക് നൽകി ആയതിൽ നിന്നും ലഭിയ്ക്കുന്ന വാടക പഞ്ചായത്ത് ഒരു അക്കൗ ിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. 15.06.2010 ൽ ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച കാർഷിക സേവന കേന്ദ്രത്തിന്റെ നിയമാവലിയുടെ ഖണ്ഡിക 5.5.5 പ്രകാരം ട്രാക്ടറുകൾ,

പവർടില്ലർ, കൊയ്ത്ത് യന്ത്രം, മെതിയന്ത്രം, നടീൽ യന്ത്രം എന്നിവ ഗ്രാമപഞ്ചായത്തിലെ കർമ്മസമിതിയുടെ മേൽനോട്ടത്തിലായിരിക്കണം. വാടക പിരിച്ചെടുക്കൽ, അറ്റകുറ്റപ്പണികൾ എന്നിവ നടത്തേ  തും ആയതിന്റെ സാമ്പത്തിക ഇടപാടുകളും ഈ കർമ്മസമിതിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കണം. എന്നാൽ ഓഡിറ്റിൽ ആവശ്യപ്പെട്ടിട്ടും കൊടുമൺ, ഓമല്ലൂർ എന്നീ കൃഷിഭവന്റെ സംരക്ഷണത്തിലുള്ള ട്രാക്ടറുകളുടെ ലോഗ് ബുക്ക് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി യന്ത്രങ്ങളുടെ ഉപയോഗം, സാമ്പത്തിക ഇടപാടുകൾ എന്നിവയുടെ സുതാര്യത ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. ആയത് അടിയന്തിരമായി ഓഡിറ്റിന്റെ പരിശോധനയ്ക്ക് സമർപ്പിയ്ക്കുവാൻ നടപടികൾ സ്വീകരിക്കേ  താണ്.

## (3-11) അടൂർഭാസി മെമ്മോറിയൽ സാംസ്കാരികനിലയം – അപാകതകൾ

പ്രോജക്ട് നമ്പർ – 349/09

2008–09 സാമ്പത്തികവർഷം എക്സി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന് 6,00,000/– രൂപയാണ് അടങ്കലായി വകയിരുത്തിയിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിനാണ് പ്രവൃത്തിയുടെ ചുമതല നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ മൂല്യത്തുക 518517/– രൂപയാണ്. 2009–10 സാമ്പത്തികവർഷം 380000/– രൂപ ആകെ ചെലവഴിച്ചിട്ടു ്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ക ത്തിയ അപാകതകളും പ്രവൃത്തിയെ സംബന്ധിച്ച് ഭൗതിക അന്വേഷണം നടത്തിയതിന്റെയും അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങളും ചുവടെ ചേർക്കുന്നു.

(1) ഈ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിലും, പഴയ എസ്റ്റിമേറ്റിലും സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ സർവ്വീസ് ചാർജ്ജ് നൽകിയിട്ടു ്. അക്രഡിറ്റഡ് ഏജൻസി വഴി നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിന് 18.05.2007 ലെ ജി.ഒ.(എം.എസ്)133/07 തസ്വഭവ ഉത്തരവ് പ്രകാരം പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടു ്. ഈ ഉത്തരവിന്റെ 10–ാം ഖണ്ഡികയിൽ മാനേജ്മെന്റ് ചാർജായി എസ്റ്റിമേറ്റ് തുകയുടെ 2 ശതമാനം പരിധിയില്ലാതെ ഏജൻസിയ്ക്ക് നൽകാവുന്നതാണെന്ന് പറഞ്ഞിട്ടു ്. എന്നാൽ ഇതിന് വിരുദ്ധമായി മൂല്യത്തുകയുടെ 8 ശതമാനം തുകയായ 41,481/– രൂപ നൽകിയിട്ടു ്. എന്നാൽ എസ്റ്റിമേറ്റ് തുകയായ 6,00,000/– രൂപയുടെ 2 ശതമാനം തുകയായ 12,000/– രൂപയ്ക്ക് മാത്രമേ അർഹതയുള്ളൂ. ഈയിനത്തിൽ അധികം നൽകിയ 29,481/– രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേ  താണ്.

(2) പ്രസ്തുത ഉത്തരവിന്റെ 11(15)–ാം ഖണ്ഡികപ്രകാരം നികുതികളും ക്ഷേമനിധി വിഹിതവും തദ്ദേശഭരണസ്ഥാപനം നേരിട്ട് അടയ്ക്കേ  താണ്.

LOCAL FUND AUDIT DEPARTMENT

എന്നാൽ ഇതിന് വിരുദ്ധമായി മൂല്യത്തുകയോടൊപ്പം ക്ഷേമനിധി, ടാക്സ് എന്നീ ഇനങ്ങൾ കണക്കാക്കി ഏജൻസിയ്ക്ക് നൽകിയിട്ടു ്. അക്രഡിറ്റഡ് ഏജൻസി സർക്കാരിലേയ്ക്കും ക്ഷേമനിധിയിലേയ്ക്കും തുക ഒടുക്കിയ തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രവൃത്തിയുടെ മൂല്യത്തിൽ നിന്നും നിയമാനുസൃതം ഈടാക്കേ ിയിരുന്ന 1% ആദായനികുതി 5185 രൂപ ഈടാക്കിയിട്ടില്ല. വാറ്റ്, ആദായനികുതി, ക്ഷേമനിധി അടച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേ താണ്.

(3) 3,80,000/- രൂപയുടെ ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെലവു തുക | ബിൽ നം/ തീയതി |
|---|---|---|
| 1 | 1,00,000/- | 14/15.10.09 |
| 2 | 1,60,000/- | 39/11.01.2010 |
| 3 | 1,20,000/- | 64/17.03.2010 |
| | **3,80,000/-** | |

(4) അടൂർഭാസി മെമ്മോറിയൽ സാംസ്കാരിക നിലയം നിലവിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് നിർമ്മിച്ചിരിക്കുന്നത്. പ്രസ്തുത കെട്ടിടം ജില്ലാപഞ്ചായത്തിന് കൈമാറി കിട്ടിയിട്ടില്ല. മാത്രവുമല്ല, ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. സാംസ്കാരിക നിലയം പ്രയോജനപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേ താണ്.

**(3-12) ജില്ലാ വെറ്ററിനറികേന്ദ്രത്തിന് ഗ്രൗ ് നിർമ്മിച്ചത് - ചെലവ് പാഴായി**

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സി. എഞ്ചിനീയർ

2008-09 വർഷം 2,00,000/- രൂപ അടങ്കലായി ജില്ലാ വെറ്ററിനറികേന്ദ്രത്തിന് ഗ്രൗ ് നിർമ്മിച്ചതിന് വകയിരുത്തിയിരുന്നു. ഈ പ്രവൃത്തിയ്ക്ക് 1,11,888/- രൂപ പാർട്ട്ബിൽ പ്രകാരം കൺവീനർക്ക് 21.04.2009-ൽ പ്രതിഫലമായി നൽകിയിട്ടു ്. പ്രസ്തുത ഗ്രൗ ് നിർമ്മിച്ചത് ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലത്തല്ല. പത്തനംതിട്ട നഗരസഭയുടെ അധീനതയിലുള്ള ചുടുകാട് എന്ന പ്രദേശത്താണ് ഗ്രൗ ് നിർമ്മാണം നടത്തിയിട്ടുള്ളത്. പ്രസ്തുതപ്രദേശം വിലകൊടുത്ത് വാങ്ങുവാനോ, ഉടമസ്ഥാവകാശം സ്ഥാപിക്കുവാനോ ഉള്ള യാതൊരു നടപടിയും ജില്ലാപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. നിലവിൽ നഗരസഭയുടെ ആസ്തിയായി നിൽക്കുന്ന സ്ഥലത്താണ് വെറ്ററിനറി കേന്ദ്രത്തിനായി തുക ചെലവഴിച്ചിട്ടുള്ളത്. 2009-10, 2010-11 എന്നീ സാമ്പത്തികവർഷങ്ങളിൽ പ്രസ്തുത പദ്ധതി സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടില്ല. രേഖാമൂലമുള്ള മറുപടിയിൽ സ്ഥലം കൈമാറിക്കിട്ടിയതാണോ എന്നുള്ളതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

LOCAL FUND AUDIT DEPARTMENT

പ്രാദേശികതലത്തിൽ അന്വേഷണം നടത്തിയതിൽ നിന്നുമാണ് ജില്ലാ പഞ്ചായത്തിന്റേതല്ലാത്ത സ്ഥലത്താണ് പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നത് വ്യക്തമായത്. ഗ്രൗ ˘ നിർമ്മിക്കാൻ തുക ചെലവഴിച്ചതല്ലാതെ കെട്ടിടം പണിയുന്നതിന് യാതൊരു നടപടിയും 3 സാമ്പത്തികവർഷം പിന്നിട്ടിട്ടും ജില്ലാപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ജില്ലാ വെറ്ററിനറികേന്ദ്രം നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. ആയതിനാൽ ജില്ലാപഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ ഉൾപ്പെട്ട വിഷയവുമായി ബന്ധപ്പെട്ട പ്രവൃത്തിയാണെങ്കിലും, പാർട്ട്ബിൽ പ്രകാരം ചെലവ് ചെയ്ത തുക പാഴായതായി ഓഡിറ്റ് വിലയിരുത്തുന്നു. ചെലവ് തുക 1,11,888/- പാഴായതിനാൽ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം ഈടാക്കേ താണ്.

## (3-13) <u>സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി</u>

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 297 |
| പ്രോജക്ടിന്റെ പേര് | : | വികലാംഗർക്ക് മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ/ വികലാംഗസംഗമം |
| അടങ്കൽ | : | 3,00,000/- രൂപ (വികസനഫ ˘) |
| നിർവ്വഹണോദ്യോഗസ്ഥ | : | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ |
| ജില്ലാ ആസൂത്രണ സമിതി തീരുമാനത്തിന്റെ നമ്പരും തീയതിയും | : | 500/09/DPO/PTA/D030000/297 തീയതി : 13/11/2009 |

2009-10 വർഷം നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന്റെ ഓഡിറ്റ് വേളയിൽ കെ ത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2009 ഡിസംബർ 3 ന് ലോകവികലാംഗ ദിനാചരണത്തോട് അനുബന്ധിച്ച് വികലാംഗമേള നടത്തുകയും വേളയിൽ വികലാംഗർക്ക് മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വിതരണം ചെയ്യുവാനുമായിരുന്നു പ്രോജക്ടിൽ ലക്ഷ്യമിട്ടത്.

24.07.2007-ലെ സ.ഉ.(എം.എസ്) 183/07 ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക (6-1) പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങളായി ആസ്തി വിതരണം ചെയ്യുന്ന പരിപാടികൾ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാത്രമേ ഏറ്റെടുക്കാവൂ. എന്നാൽ ആയതിന് വിരുദ്ധമായാണ് ജില്ലാ പഞ്ചായത്ത് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതെന്ന് കാണാം. മാത്രമല്ല ടി സർക്കാർ ഉത്തരവിന്റെ ഖണ്ഡിക നം. (6-9) പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പുകൾ, ക്യാമ്പയിനുകൾ, മേളകൾ, ഉല്ലാസയാത്രകൾ തുടങ്ങിയവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ ട്രൈ സൈക്കിളുകൾ വിതരണം ചെയ്യാൻ പറ്റാത്ത സാഹചര്യത്തിലും മേളയ്ക്ക്

LOCAL FUND AUDIT DEPARTMENT

മാത്രമായി 2009-10-ൽ 43940/- രൂപ ചെലവഴിക്കുകയും ടി പ്രോജക്ട് സ്പിൽ ഓവറായി അംഗീകാരം വാങ്ങി 2010-11-ലും വികലാംഗമേള മാത്രം നടത്തുകയും ചെയ്തിട്ടു ്. (37450/- രൂപ ചെലവ് ചെയ്തിട്ടു ്)

പദ്ധതി നടപ്പിലാക്കുവാൻ സാദ്ധ്യമല്ലെന്ന് അറിവു ായിരുന്നിട്ടും വരും വർഷത്തിലും സ്പിൽഓവറായി പ്രോജക്ട് നടപ്പിലാക്കിയത് പദ്ധതി മാർഗ്ഗരേഖ യുടെ വ്യക്തമായ ലംഘനമായി ഓഡിറ്റ് വീക്ഷിക്കുന്നു.

2009-10 വർഷം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികലാംഗമേളയ്ക്ക് ചെലവഴിച്ച 43,940/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## (3-14) <u>സുഭിക്ഷം - ചെറുകിട വ്യവസായ പദ്ധതി - പരീക്ഷണം പരാജയപ്പെട്ടു.</u>

കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ നിർവ്വഹണോദ്യോഗസ്ഥനായി 2009-10 സാമ്പത്തികവർഷം നടപ്പാക്കിയ പദ്ധതിയാണ് സുഭിക്ഷം- ഇറച്ചി വിപണന ശൃംഖല. ഏനാത്ത്, കോന്നി, അടൂർ, കോഴഞ്ചേരി, തിരുവല്ല എന്നിവിടങ്ങളിൽ ഗവ.സംരംഭമായ കൂത്താട്ടുകുളം മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യ (എം.പി.ഐ) യിൽ നിന്നും പരീക്ഷണാടിസ്ഥാനത്തിൽ ഇറച്ചി വാങ്ങി വിപണനം നടത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ബാങ്ക് വായ്പാ ബന്ധിതമായി ബാക്ക് എൻഡ് സബ്സിഡി നൽകിയാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത്. തിരുവല്ല, കോഴഞ്ചേരി എന്നിവിടങ്ങളിൽ ബാങ്ക് വായ്പ ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ പദ്ധതി നടപ്പായില്ല. വികസനഫ ്ടിൽ നിന്നും യുണിറ്റ് ഒന്നിന് 50,000/- രൂപ വീതം 3 യൂണിറ്റുകൾക്കായി 1,50,000/- രൂപ സബ്സിഡി നൽകിയ പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും വീഴ്ച സംഭവിച്ചിട്ടു ്. അപാകതകൾ ചുവടെ ചേർക്കുന്നു.

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കേ ത് എസ്.ജി.എസ്.വൈ മാനദണ്ഡങ്ങൾ പാലിച്ചാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 10 മുതൽ 20 വരെ അംഗങ്ങളുള്ള, ആറുമാസത്തെ പ്രവർത്തനപരിചയമുള്ള, സമാനസ്വഭാവമുള്ള ഗ്രൂപ്പുകളെ ഗ്രേഡിംഗ് നടത്തി വേണം ആനുകൂല്യങ്ങൾ നൽകേ ത്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട മൂന്നു ഗ്രൂപ്പുകളെയും മേൽപറഞ്ഞ പ്രകാരമല്ല ക ത്തി യത്. വിപണനസ്റ്റാൾ ആരംഭിക്കാനുദ്ദേശിച്ച സ്ഥലങ്ങളുടെ സമീപപ്രദേശത്തുള്ള മൂന്ന് കുടുംബശ്രീ യൂണിറ്റുകളെയാണ് ഗുണഭോക്താക്കളായി നിശ്ചയിച്ചത്. മാത്ര വുമല്ല, ഗ്രൂപ്പിലെ അംഗസംഖ്യ കേവലം 5 മാത്രമാണ്.

മാംസഉല്പന്നങ്ങളുടെ വിപണന സ്ഥാപനമായ കൂത്താട്ടുകുളം എം.പി. ഐ.-ൽ നിന്നും ഗുണമേന്മയുള്ള മാംസ ഉല്പന്നങ്ങളും മൂല്യവർദ്ധിത മാംസ ഉല്പന്നങ്ങളും വാങ്ങി വിപണനം നടത്താനാണ് പദ്ധതി തയ്യാറാക്കിയത്.

LOCAL FUND AUDIT DEPARTMENT

വിപണന സ്റ്റാളുകൾ ആരംഭിച്ച സ്ഥലങ്ങളിൽ ഒന്നും തന്നെ എം.പി.ഐ. ഉല്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ ഇല്ല എന്നത് ശ്രദ്ധേയമാണ്. ഇറച്ചി വിപണനത്തിന് അനുകൂലസാഹചര്യം ഉ ായിട്ടും യൂണിറ്റുകൾക്ക് ലാഭകരമായി വിപണനം നടത്താൻ കഴിയാത്തത് വ്യാപകമായ പ്രചരണത്തിന്റെ അഭാവവും നിർവ്വഹണഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ വന്ന വീഴ്ചയുമാണ്.

സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊ ്, അർഹതപ്പെട്ട ഗുണഭോക്താക്കളെ ക ത്തി മികച്ചരീതിയിൽ നടത്തിക്കൊ ു പോകാൻ കഴിയുമായിരുന്ന പദ്ധതി മികച്ച ആസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും അഭാവത്തിൽ ആരംഭ ഘട്ടത്തിൽ തന്നെ പരാജയപ്പെടുകയാണ് ഉ ായിട്ടുള്ളത്. യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നു ങ്കിലും മികച്ച രീതിയിൽ നടത്താൻ കഴിയുന്നില്ല. അനുകൂല സാഹചര്യങ്ങൾ ഇനിയും നിലനിൽക്കെ പൈലറ്റ് പ്രോജക്ടായി ആരംഭിച്ച പദ്ധതി നല്ല രീതിയിൽ നടത്തിക്കൊ ു പോകാൻ കഴിയും. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രവർത്തനം ഇത്തരുണത്തിൽ ഉ ാകേ താണ്.

**(3-15) <u>ആരോഗ്യവിദ്യാഭ്യാസ പദ്ധതി പ്രകാരം വിതരണം ചെയ്ത മരുന്നുകളുടെ വിതരണവിവരം ലഭ്യമാക്കിയിട്ടില്ല.</u>**

| | | |
|---|---|---|
| പദ്ധതി നം. | – | S0.290/09 |
| അടങ്കൽ | – | 39,98,600/- (വികസനഫ ് – 3,50,000/-) |
| ചെലവ് | – | 3,50,000/- (വികസനഫ ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | – | ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) |

പത്തനംതിട്ട ജില്ലാപഞ്ചായത്ത് കുളനട മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് ആരോഗ്യ വിദ്യാഭ്യാസ പദ്ധതി. പ്രമേഹത്തെപ്പറ്റിയുള്ള അവബോധം ഉ ാക്കുകയും മരുന്നിന്റെ വിതരണവുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ആയത് പ്രകാരം 3,50,000/– രൂപയുടെ മരുന്നുകൾ (HUM Mixtard 40V - 2450 എണ്ണം, ഡിസ്പോസിബിൾ സിറിഞ്ച് – 7203 എണ്ണം) കൊട്ടാരക്കര നീതി സ്റ്റോറിൽ നിന്നും വാങ്ങി പള്ളിക്കൽ, ഏറത്ത്, പന്തളം, പ്രമാടം, കുളനട, ഏനാദിമംഗലം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും ഇലന്തൂർ, കോന്നി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്കും വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ടി മരുന്നുകൾ പൂർണ്ണമായി ബന്ധപ്പെട്ട ആരോഗ്യകേന്ദ്രങ്ങൾ വിതരണം നടത്തിയത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മരുന്നിന്റെ ഉപയോഗ കാലയളവിൽ തന്നെ ആയത് പൂർണ്ണമായി വിതരണം ചെയ്തിരുന്നുവോ, അല്ലെങ്കിൽ ബാക്കി വന്ന മരുന്നുകൾ എത്രയു ായിരുന്നു എന്നതു സംബന്ധിച്ച വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ

LOCAL FUND AUDIT DEPARTMENT

പ്രയോജനം ബന്ധപ്പെട്ട ജനങ്ങൾക്ക് ലഭിച്ചത് സംബന്ധിച്ച് ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. പദ്ധതി സുതാര്യമായി നടപ്പിലാക്കിയെന്നതിനുള്ള എല്ലാ രേഖകളും പരിശോധനയ്ക്കും ഹാജരാക്കേ താണ്.

**(3-16) ഡി.ഡി.ആർ.സി-യ്ക്ക് ഉപകരണങ്ങൾ ലഭ്യമാക്കൽ – ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖയില്ല.**

| | | |
|---|---|---|
| പദ്ധതി നം. | – | S.0289/09 |
| അടങ്കൽ തുക | – | 1,50,000/- (വികസനഫ ് ) |
| ചെലവ് | – | 1,49,750/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | – | ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) |

ജില്ലാ ആശുപത്രി, കോഴഞ്ചേരിയിലെ ഡിസ്ട്രിക്ട് ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സെന്റർ (ഡി.ഡി.ആർ.സി) യ്ക്ക് ഉപകരണങ്ങൾ ലഭ്യമാക്കൽ എന്ന പദ്ധതി പ്രകാരം 1,49,750/- രൂപ ചെലവഴിച്ചിട്ടു ്. എന്നാൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ടെ ർ ക്ഷണിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എൽ.മുത്തുകൃഷ്ണൻസ് ഓർത്തോപീഡിക് അപ്ലയൻസസ് സെന്റർ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് ടി ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഉപകരണങ്ങൾ വിതരണം ചെയ്തിട്ടു ങ്കിലും കാഷ്ബിൽ വൗച്ചറിനോടൊപ്പം ഹാജരാക്കിയിട്ടില്ല, ടെ ർ ക്ഷണിച്ചതിന്റെ രേഖകളുടെയും കറ ് ബില്ലിന്റെയും അഭാവത്തിൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച 1,49,750/- രൂപ തടസ്സപ്പെടുത്തുന്നു.

**(3-17) ചെലവ് രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു.**

നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), 2009-10 സാമ്പത്തികവർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേരും നമ്പരും | ചെലവഴിച്ച തുക |
|---|---|---|
| 1 | പിച്ചാത്തിക്കല്ല് – മുതുപാല കുടിവെള്ള പദ്ധതി – പ്രോ. നം. 143 | 44500/- |
| 2 | തണ്ണിത്തോട്- മായപ്പടി- പാറഭാഗം കുടിവെള്ള പദ്ധതി – പ്രോ.നം – 697 | 1312000/- |
| 3 | കാവുങ്കൽ സെറ്റിൽമെന്റ് കോളനി പൈപ്പ്ലൈൻ നീട്ടൽ (പുറമറ്റം) പ്രോ. നം. – 700 | 301000/- |

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| 4 | താവളത്തിൽപ്പടി കുടിവെള്ള പദ്ധതി<br>പ്രോ.നം. - 704 | 266000/- |
| | | 1923500/- |

രേഖകൾ ഹാജരാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 19,23,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതോടൊപ്പം ലോക്കൽ ഫ ് ഓഡിറ്റ് ആക്ട് വകുപ്പ് 11(1)b പ്രകാരമുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

## (3-18) സ്റ്റേറ്റ് ലെവൽ ടാഗ് അംഗീകരിക്കാത്ത പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കി

2009-10 വർഷം സ്റ്റേറ്റ്ലെവൽ ടാഗിന്റെ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികളിൽ താഴെപറയുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പദ്ധതി വിവരം | ചെലവഴിച്ച തുക |
|---|---|---|
| 104/09-10 | കൊടുമൺ കോളനിച്ചിറ പുനരുദ്ധാരണം | 40,436/- |
| 105/09-10 | പാറക്കുന്ന് കോളനി പുനരുദ്ധാരണം | 79,696/- |
| 110/09-10 | പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലിന് സ്ഥലം | 15,00,000/- |
| 1/09-10 | നെൽകൃഷി വികസനം | 23,02,795/- |
| 51/09-10 | കൊട്ടയ്ക്കാട്ട് 148-ാം നമ്പർ അംഗനവാടി | 2,86,825/- |
| 60/09-10 | ഇരവിപേരൂർ പോസ്റ്റ് ഓഫീസ് റോഡ്, കോയിപ്രം | 18,925/- |
| 70/09-10 | മാങ്കൂട്ടം - കൈതപ്പറമ്പു റോഡ് | 4,20,279/- |

11.07.2008-ലെ 199/08/തസ്വഭവ സർക്കാർ ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഭേദഗതി ഖണ്ഡിക 3-3 പ്രകാരം പുതിയ പ്രോജക്ട് തയ്യാറാക്കി ടി.എ.ജി യുടെ പരിശോധനയ്ക്ക് വിധേയമാക്കി ജില്ലാ ആസൂത്രണസമിതിയ്ക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശം. ഈ നിർദ്ദേശം പാലിയ്ക്കാതെയാണ് മേൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേ താണ്.

## (3-19) <u>മെയിന്റനൻസ് ഗ്രാന്റ് (റോഡ്) – പുതിയ പ്രോജക്ടുകൾക്ക് ആകെ ചെലവ് 9.85% മാത്രം</u>

മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ പുതിയ പ്രൊജക്ടുകൾക്ക് ആകെ ചെലവഴിച്ചത് ആകെ ചെലവിന്റെ 9.85% മാത്രമാണ്. 2009-10 ൽ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയ പുതിയ പ്രോജക്ടുകളുടെ എണ്ണം 115 ആണ്. ഇതിൽ 27 പദ്ധതികൾക്കു മാത്രമാണ് തുക ചെലവഴിച്ചത്. ഇതിനുകാരണം ജില്ലാ പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ന്റെ ഭൂരി ഭാഗം ചെലവുകളും മുൻബാധ്യത തീർക്കുവാൻ വേ ിയിട്ടുള്ളതായിരുന്നത് കൊ ാണ്. തൻവർഷം 78 ബില്ലുകളിലായി 1,94,85,759/- രൂപയാണ് മെയിന്റനൻസ് ഗ്രാന്റ് (റോഡിൽ) ചെലവഴിച്ചത്. ഇതിന്റെ 89.85% ചെലവഴിച്ചത് മുൻബാധ്യത തീർക്കുവാൻ വേ ിയായിരുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ഇനം | പദ്ധതിയിൽ വക ഇരുത്തിയത് | | നടപ്പാക്കിയത് | | ശതമാനം |
|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | |
| സ്പിൽ ഓവർ | 2 | 23102342 | 2 | 17507715 | 75.78 |
| പുതിയത് | 115 | 12529749 | 27 | 1978044 | 15.79 |
| ആകെ | 117 | 35632091 | 29 | 19485759 | 54.69 |

മുൻ ബാധ്യതകൾ തീർക്കുന്നതിനായി പ്രോജക്ട് നം. 651/09-10 പ്രകാരം 44 മുൻവർക്കുകൾക്കായി 21035251/ രൂപ വകയിരുത്തിയിരുന്നു. ഇതിൽ 38 പ്രവൃത്തികൾക്കായി 15520100/- രൂപ ചെലവഴിച്ചിട്ടു ്. സ്റ്റേറ്റ് ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച ഈ പ്രോജക്ടിലെ 44 പ്രവൃത്തി കളിൽ മൂഴിയിൽ പാലം നിർമ്മാണം (2582057/-), പള്ളിപ്പടി പാലം നിർമ്മാണം, കലഞ്ഞൂർ (1154291/-) എന്നീ ര ു പാലം പണികൾ ഉൾപ്പെട്ടിരുന്നു. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് പാലം നിർമ്മിച്ച പ്രവൃത്തികൾക്ക് തുക നൽകുവാൻ SLTAG അംഗീകാരം നൽകിയത് ക്രമപ്രകാരമല്ല. മുൻ ബാദ്ധ്യത തീർക്കുന്നതിനായി പ്രോജക്ട് നം. 216/09-10 എന്ന മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഹിതം 08-09 പദ്ധതിയിൽ 2067091/- രൂപ വകയിരുത്തുകയും, അതിൽ 1987615/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടു ്. ഇങ്ങനെ പശ്ചാത്തല മേഖലയിൽ റോഡിനായി വകയിരുത്തുന്ന തുകകൾ മുൻ ബാധ്യതകൾക്കു ചെലവഴിക്കേ ി വരുന്നതിനാൽ പുതുതായി റോഡ് നിർമ്മാണ പ്രവൃത്തികൾ ജില്ലാ പഞ്ചായത്തു നടത്തുന്നില്ല. ഭരണവകുപ്പിന്റെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

LOCAL FUND AUDIT DEPARTMENT

## (3-20) ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തി കരാറുകാരൻ നിർവ്വഹിച്ചത് ക്രമവിരുദ്ധമായ നടപടി

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി

2007-08 സാമ്പത്തികവർഷത്തെ 544/07-08 എന്ന പ്രോജക്ടായ മാങ്കൂട്ടം-കൈതപ്പറമ്പ് റോഡ് പുനരുദ്ധാരണം എന്ന എക്സി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ക ത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ പ്രവൃത്തിയുടെ കൺവീനർ ആയ ശ്രീ.കെ.ജെ.ബിജു, കരകാലിൽ, പെരിങ്ങനാട് എന്ന വ്യക്തി രജിസ്ട്രേഡ് കരാറുകാരനാണ്.

2. പ്രസ്തുത പ്രവൃത്തിയുടെ കൺവീനറായ ശ്രീ.ബിജു 2007-08 ലെ 240/07-08-ാം നമ്പർ പ്രോജക്ടായ തകിടിയേത്ത്-പനക്കുഴി റോഡ് എന്ന പ്രവൃത്തിയുടെ കരാറുകാരനാണ് (30,0000/- രൂപ)

3. ഗുണഭോക്തൃസമിതി മുഖേനെയുള്ള പ്രവൃത്തിയ്ക്ക് കൺവീനറെ തെരഞ്ഞെടുത്തതിന്റെ മിനിട്ട്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4. മാങ്കൂട്ടം-കൈതപ്പറമ്പ് റോഡ് ഏനാത്ത് എന്ന സ്ഥലത്താണ്. കൺവീനർ പള്ളിക്കൽ പഞ്ചായത്ത് നിവാസിയുമാണ്.

5. കരാറുകാരനായ വ്യക്തിയെ ബിനാമി ഇടപാടിലുടെ കൺവീനറാക്കി പ്രവൃത്തി നടത്തിയത് കരാർ വ്യവസ്ഥയുടെ വ്യക്തമായ ലംഘനമാണ്.

6. കരാറുകാരൻ കൺവീനറായി നടപ്പാക്കിയ പ്രവൃത്തി ടെ ർ നടപടി ക്രമങ്ങൾ പാലിച്ച് നടപ്പാക്കിയിരുന്നുവെങ്കിൽ പദ്ധതി തുകയുടെ ചെലവ് കുറയ്ക്കാൻ കഴിയുമായിരുന്നു.

ആയതിനാൽ കൺവീനർ പ്രവൃത്തിയ്ക്ക് മൂല്യത്തുകയായി 08.03.2010 ൽ നൽകിയ 40013/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ഗുണഭോക്താക്കളുടെ അറിവോടെയും പങ്കാളിത്തത്തോടെയുമാണ് പ്രവൃത്തി നടത്തേ ിയിരുന്നത്. പ്രവൃത്തി ഭാഗികമായോ പൂർണ്ണമായോ യാതൊരു കരാറുകാരെയോ, കരാർ കമ്പനിയേയോ ഏൽപിക്കുവാൻ പാടുള്ളതല്ല. അങ്ങനെ സംഭവിക്കുന്ന പക്ഷം ഈ കരാർ റദ്ദാക്കാവുന്നതും കൺവീനറുടെ നഷ്ടോത്തരവാദിത്വത്തിൽ മറ്റ് ഏജൻസി വഴി പ്രവൃത്തി പൂർത്തീകരിക്കേ തുമാണ്. കൂടാതെ നിയമപ്രകാരമുള്ള ഏതു ശിക്ഷാ നടപടിയും കൺവീനർക്കെതിരെ സ്ഥാപനത്തിന് എടുക്കാവുന്നതാണ്. പ്രസ്തുത വ്യവസ്ഥകൾ കൺവീനറുടെ കരാർ ഉടമ്പടിയിൽ നിഷ്കർ

LOCAL FUND AUDIT DEPARTMENT

ഷിച്ചിട്ടു ˇ. എന്നാൽ ശ്രീ.ബിജു എന്ന കരാറുകാരൻ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികൾ 2009-10 സാമ്പത്തികവർഷം ഉ ˇ. ഈ സാഹചര്യത്തിൽ ശ്രീ.ബിജു എന്ന കരാറുകാരൻ ഈ പ്രവൃത്തിയുടെ കൺവീനറായതു തികച്ചും ക്രമവിരുദ്ധമായ നടപടിയാണ്. ഈ വിഷയത്തെ സംബന്ധിച്ച് സർക്കാർ തലത്തിലുള്ള സമഗ്രമായ അന്വേഷണം നടത്തേ താണ്.

**(3-21) <u>ആസൂത്രണസമിതി അംഗീകാരം വാങ്ങാതെ വികസനഫ ിൽ നിന്ന് ര ˇ പദ്ധതികൾക്കായി 3736348/- രൂപ ചെലവഴിച്ചത് ക്രമവിരുദ്ധം</u>**

മൂഴിയിൽ പാലം നിർമ്മാണം, പള്ളിപ്പടി-മുട്ടുമൺപടി പാലം നിർമ്മാണം എന്നീ ര ു പ്രവൃത്തികൾക്ക് യഥാക്രമം 2582057/-, 1154291/- രൂപ വീതം വികസനഫ ിൽ നിന്ന് ചെലവഴിച്ചിട്ടു ˇ. 2005-06 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റിനത്തിൽ നടപ്പാക്കിയതാണ് മൂഴിയിൽപാലം നിർമ്മാണം. 31.12.2005 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും 18.11.2006 ലെ 2(7)-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ഭരണാനുമതിയും ലഭിച്ച ഈ പ്രവൃത്തിയുടെ അടങ്കൽ 35,27,124/- ആണ്. 2006-07 ൽ സ്പിൽ ഓവറായി ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയ ഈ പ്രോജക്ടിന് മെയിന്റനൻസ് ഫ ˇ ആണ് വകയിരുത്തിയിരുന്നത്. 29.11.2008 ൽ പണിപൂർത്തിയാക്കുകയും 17.06.2009 ൽ 2582057/- രൂപയുടെ ഫൈനൽ ബിൽ സമർപ്പിക്കുകയും ചെയ്തു. മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖ പ്രകാരം പുതിയ നിർമ്മിതികൾക്കുള്ള ചെലവ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നു വഹിക്കുന്നതിന് വ്യവസ്ഥ ഇല്ലാത്ത സാഹചര്യത്തിൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്ന് ജില്ലാ പഞ്ചായത്ത് അനുമതി തേടിയിരുന്നു. എന്നാൽ വികസന ഫ ിൽ നിന്ന് ഈ തുക ചെലവഴിക്കേ താണെന്ന് സർക്കാർ നിർദ്ദേശിക്കുകയു ായി. 2009-10 വാർഷിക പദ്ധതിയിൽ വികസന ഫ ിൽ ഈ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 2010-11 ൽ തുക നൽകാമെന്ന് കരാറുകാരനെ അറിയിച്ചെങ്കിലും കരാറുകാരൻ ഹൈക്കോടതിയിൽ സ്യൂട്ട് ഫയൽ ചെയ്യുകയും ചെയ്തു. എന്നാൽ ര ˇ പാലം നിർമ്മാണത്തിന്റെയും തുക മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് കൊടുക്കുന്നതിന് പ്രോജക്ട് നം. 651/09-10 പ്രകാരം തുക വകയിരുത്തുകയും സ്റ്റേറ്റ് ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ഇതിന് ക്രമവിരുദ്ധമായി അംഗീകാരം നൽകുകയും ചെയ്തിരുന്നു. ഹൈക്കോടതിയിൽ നിന്ന് കരാറുകാരൻ അനുകൂലവിധി സമ്പാദിച്ചതിനെത്തുടർന്ന് (WPC-32940;18.02.2010)15.03.2010 ലെ ജില്ലാപഞ്ചായത്തു കമ്മിറ്റിയുടെ 4(4)-ാം നമ്പർ തീരുമാനപ്രകാരം 25,82,057/- രൂപ വികസനഫ ിൽ നിന്നു നൽകി (ACR 87/22.03.10) പ്രോജക്ട് നമ്പർ 636/06 പള്ളിപ്പടി-കുട്ടുമൺപടി പാലത്തിനും ഇതേ രീതിയിൽ ഹൈക്കോടതി വിധി പ്രകാരം (WPC-33206/09)1154291/- രൂപ വികസനഫ ിൽ നിന്നും ചെലവഴിച്ചിട്ടു ˇ. (ACR

51/24.02.2010). പദ്ധതികളുടെ എം.ബുക്കും മറ്റു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല.

വികസനഫ ിൽ നിന്ന് ഇത്രയും വലിയതുക ചെലവഴിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്തി ജില്ലാ ആസൂത്രണസമിതി അംഗീകാരം വാങ്ങുകയോ IKM വിവരവ്യൂഹത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ 2 പദ്ധതികളും ക്രമപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേ തും സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി ഓഡിറ്റിനെ അറിയിക്കേ തുമാണ്.

**(3-22) കെട്ടിടനിർമ്മാണം - നിയമവിരുദ്ധമായി ചെലവഴിച്ചത്-51.46 ലക്ഷം രൂപ**

നിർവഹണഉദ്യോഗസ്ഥൻ - എക്സി. എഞ്ചിനീയർ

കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 3-ാം പട്ടികയിൽ ത്രിതല പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിഷ്കർഷിച്ചതിൽ നിന്നും വ്യതിചലിച്ച് ജില്ലാപഞ്ചായത്തിൽ 2009-10 വർഷം കെട്ടിടനിർമ്മാണം നടത്തിയിട്ടു ്. പൊതുമരാമത്ത് മേഖലയിൽ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടം നിർമ്മിക്കുക എന്നതാണ് ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ചുമതലകളിൽപ്പെട്ട വിഷയങ്ങളുടെ പ്രോജക്ട് തയ്യാറാക്കി ചെലവ് ചെയ്തിട്ടുള്ളത് നിലവിലുള്ള പഞ്ചായത്ത്രാജ് നിയമത്തിന്റെ വ്യക്തമായ ലംഘനമാണ്. 2009-10 സാമ്പത്തികവർഷം ജില്ലാപഞ്ചായത്ത് കെട്ടിടനിർമ്മാണ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയവയിൽ ഭൂരിഭാഗവും ജില്ലാപഞ്ചായത്തിന് കൈമാറി കിട്ടിയിട്ടില്ലാത്ത സ്ഥാപനങ്ങളാണ്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ട അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം, കമ്മ്യൂണിറ്റിഹാൾ മറ്റ് ഇതരസ്ഥാപനങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് ഇപ്രകാരം ചെലവ് ചെയ്തത് ക്രമവിരുദ്ധമായ നടപടിയാണ്. സംസ്ഥാനതല സാങ്കേതിക ഗ്രൂപ്പിന്റെ ശുപാർശയില്ലാതെ അംഗീകരിക്കാൻ പാടില്ലാത്ത പ്രോജക്ടുകൾ സമിതിയുടെ നിർദ്ദേശം പാലിക്കാതെ ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകി നടപ്പാക്കിയത് സർക്കാർ മാർഗ്ഗരേഖയുടെ ഭേദഗതി ചട്ടങ്ങളുടെ ലംഘനവും സാധുതയില്ലാത്ത നടപടിയുമാണ്.

2009-10 സാമ്പത്തികവർഷം നിയമവിരുദ്ധമായി നടപ്പിലാക്കിയ കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 1 | വെച്ചൂച്ചിറ കൃഷിഭവൻ നിർമ്മാണം | 400000 | 400000 |
| 2 | ഏറത്ത് മൃഗാശുപത്രി കെട്ടിടം | 100000 | 100000 |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 3 | പള്ളിയ്ക്കൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ | 230000 | 204379 |
| 4 | മുള്ളനിക്കാട് അംഗൻവാടി കെട്ടിടം | 100000 | 91966 |
| 5 | ഏഴോലി അംഗൻവാടി കെട്ടിടം | 117500 | 111504 |
| 6 | അംഗൻവാടി കെട്ടിടം, അരുവാപ്പുലം | 140000 | 100000 |
| 7 | അടൂർഭാസി മെമ്മോറിയിൽ സാംസ്കാരിക നിലയം | 600000 | 380000 |
| 8 | വെൽകുറിഞ്ഞി അംഗൻവാടി കെട്ടിടം | 200000 | 200000 |
| 9 | തോട്ടപ്പുഴശ്ശേരി അംഗൻവാടി കെട്ടിടം | 377000 | 377000 |
| 10 | കോന്നി ഗ്രാമപഞ്ചായത്ത് അംഗൻവാടി കെട്ടിടം | 107000 | 71675 |
| 11 | സാനിട്ടറി കോംപ്ലക്സുകളുടെ നിർമ്മാണം | 100000 | 100000 |
| 12 | വൃദ്ധസദനം - 369/2009-10 | 1011160 | 145184 |
| 13 | വനിത കമ്മ്യൂണിറ്റി ട്രെയിനിംഗ് സെന്റർ | 35249 | 35249 |
| 14 | ആനിക്കാട് വൃദ്ധസദനം 2-ാം ഘട്ടം | 960000 | 879056 |
| 15 | അംഗൻവാടി കെട്ടിടം കവിയൂർ, മല്ലപ്പള്ളി | 300000 | 71000 |
| 16 | പറയ്ക്കൽ കോളനി സാംസ്കാരികനിലയം | 193000 | 152192 |
| 17 | വനിത കമ്മ്യൂണിറ്റി കം ട്രെയിനിംഗ് സെന്റർ | 148000 | 139092 |
| 18 | അംഗൻവാടി കെട്ടിടം മലയാലപ്പുഴ | 300000 | 200000 |
| 19 | അംഗൻവാടി ഇരവിപേരൂർ | 300000 | 100000 |
| 20 | ഇരവിപേരൂർ എസ്.സി. കോളനി നവീകരണം | 250000 | 200000 |
| 21 | ചുങ്കപ്പാറ പബ്ലിക് മാർക്കറ്റ് നവീകരണം | 900000 | 797533 |
| 22 | മല്ലപ്പള്ളി പഞ്ചായത്ത് മാർക്കറ്റ് നവീകരണം | 395000 | 291099 |

ആകെ ചെലവ് 51,46,929/-

നിയമവിരുദ്ധമായ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേ താണ്.

**(3-23) തുവയൂർ ഓർത്തഡോക്സ്പള്ളിപ്പടി റോഡ് പുനരുദ്ധാരണം - എർത്ത് ഫില്ലിംഗിന് സൊല്ലിംഗ് കുറച്ചില്ല.**

| | | |
|---|---|---|
| പ്രോജക്ട് നം. | - | 715/06-07 |
| അടങ്കൽ | - | 350000/- |
| കരാറുകാരൻ | - | ശ്രീ.അജികുമാർ |
| പ്രവൃത്തിമൂല്യം | - | 195208/- |
| ഫൈനൽ ബിൽ തുക | - | 59208/- |
| ഡി.ഡി നം/ തീയതി | - | 543620/05.11.2009 |
| എം.ബുക്ക് നം. | - | 60/07-08 |
| നിർവ്വഹണാധികാരി | - | എക്സി.എഞ്ചിനീയർ |

LOCAL FUND AUDIT DEPARTMENT

ടി പ്രവൃത്തിയുടെ ഭാഗമായി 112 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുകയും മണ്ണ് ഫില്ലിംഗ് നടത്തി റോഡിന്റെ ഉപരിതലം നിരപ്പാക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തിയുടെ ഇനം 4 പ്രകാരം 200 ഘ.മീ. മണ്ണ് ഫില്ലിംഗ് നടത്തിയതിന് 1029/10 ഘ.മീ നിരക്കിൽ 20580/- രൂപ കരാറുകാരന് പ്രതിഫലം നൽകിയിട്ടു ്. ടേപ്പ് മെഷർമെന്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്.

കേരളാ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വാല്യം 1 സെക്ഷൻ 4.5(B)(V)(1)പ്രകാരം മണ്ണ് അമരുമ്പോഴു ാകുന്ന കുറവിലേയ്ക്ക് (കൺസോളിഡേഷനൊന്നുമില്ലാത്തതിനാൽ) 20 ശതമാനം കുറവ് ചെയ്യേ താണ്. എന്നാൽ ഇപ്രകാരം സ്വെല്ലിംഗ് കുറവ് ചെയ്യാതിരുന്നതിനാൽ 200 ഘ.മീറ്ററിന്റെ 20 ശതമാനമായ 40 ഘ.മീറ്റർ മണ്ണിന്റെ വില 1029/10 ഘ.മീ നിരക്കിൽ 4116/- രൂപ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേ താണ്.

**(3-24)** **<u>കല്ലുമ്മാവ് അടിയാനിക്കൽ റോഡ് ടാറിംഗ്; ആവശ്യമായ അളവിൽ ടാർ ഉപയോഗിച്ചില്ല.</u>**

| | | |
|---|---|---|
| അടങ്കൽ | - | 3,00,000/- |
| കൺവീനർ | - | ശ്രീ.എൻ.പി.ചാക്കോ |
| പ്രവൃത്തിമൂല്യം | - | 2,79,291/- |
| ഫൈനൽ ബിൽ തുക | - | 2,11,403/- |
| ഡി.ഡി നം/ തീയതി | - | 111943/28.12.2009 |
| എം.ബുക്ക് നം. | - | 110/07-08 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - | എക്സി.എഞ്ചിനീയർ |

2007-08 ലെ വാർഷികപദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തിയാണ് കല്ലുമ്മാവ് അടിയാനിക്കൽ റോഡ് മെറ്റലിംഗും, ടാറിംഗും. 290 മീറ്റർ നീളത്തിൽ മെറ്റലിംഗും ടാറിംഗും നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത്. ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

ടി പ്രവൃത്തിയുടെ ഇനം 9 പ്രകാരം മെറ്റലിംഗ് നടത്തിയ പ്രതലത്തിൽ 869.93 ച.മീറ്റർ ടാറിംഗ് നടത്തിയിട്ടു ്. (Providing 20mm pre-mixed chipping carpet over WBM surface) IRC സ്പെസിഫിക്കേഷൻ പ്രകാരം മെറ്റൽ ചെയ്ത പ്രതലത്തിൽ 10 ച. മീ ടാറിംഗ് നടത്തുന്നതിന് 29.1 കി.ഗ്രാം ടാർ ആവശ്യമാണ്. ആയത് പ്രകാരം 869.93 ച.മീ ടാറിംഗ് നടത്തുന്നതിന് 16 ബാരൽ (2531 കി.ഗ്രാം) ടാർ ആവശ്യമായ സ്ഥാനത്ത് പ്രവൃത്തിയുടെ കൺവീനർ 14 ബാരൽ (2184 കി.ഗ്രാം)

LOCAL FUND AUDIT DEPARTMENT

ടാർ മാത്രമാണ് വാങ്ങി ഉപയോഗിച്ചിട്ടുള്ളത്. കൺവീനർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകൾ പ്രകാരം ഫെലിക്സ് എന്റർപ്രൈസസ്, തൃപ്പൂണിത്തറ, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 5713/20.12.07 നമ്പർ ബിൽ പ്രകാരം 14 ബാരൽ ടാറാണ് വാങ്ങിയിട്ടുള്ളത്. IRC സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തി നടത്തുന്നതിന് 2531 കി.ഗ്രാം ടാർ ആവശ്യമാണെന്നിരിക്കെ 2184 കി.ഗ്രാം ടാർ മാത്രം വാങ്ങിയിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തിയ്ക്ക് 347 കി.ഗ്രാം ടാർ കുറവാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. എന്നാൽ കൺവീനർക്ക് 2531.50 കി.ഗ്രാം ടാറിന്റെ വില പ്രവൃത്തിമൂല്യത്തിൽ ഉൾപ്പെടുത്തി നൽകിയിട്ടു ്. ഉപയോഗിക്കാത്ത ടാറിന്റെ വിലയായി കൺവീനർക്ക് നൽകിയ 4884/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ആവശ്യമായ അളവിൽ ടാർ ഉപയോഗിച്ച് ഗുണനിലവാരം പുലർത്തി പ്രവൃത്തി നടത്താതിരുന്നതിന് പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

**(3-25) <u>പറമല-കാഷ്യു ഫാക്ടറി റോഡ് പുനരുദ്ധാരണം; പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങാതെ പ്രവൃത്തി നടത്തിയത് ക്രമവിരുദ്ധം</u>**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | – | എക്സി.എഞ്ചിനീയർ |
| പ്രോജക്ട് നം. | – | M.680/07 |
| അടങ്കൽ | – | 3,00,000/- |
| കരാറുകാരൻ | – | ശ്രീ.വിപിൻ.സി.വിജയൻ |
| പ്രവൃത്തിമൂല്യം | – | 2,69,079/- |
| സാങ്കേതികാനുമതി നം. | – | 66/06-07/EE Dt. 30.10.2006 |
| ഫൈനൽ ബിൽ തുക | – | 2,46,805/- |
| ഡി.ഡി നം/ തീയതി | – | 289502/06.04.2010 |
| എം.ബുക്ക് നം. | – | 106/06-07 |

ടി പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിലെ APP-A ഇനം 1 പ്രകാരം റോഡിന്റെ ഉപരിതലം നിരപ്പാക്കുന്നതിന് 267m$^3$ മൺപണി നടത്തുന്നതിന് 17675/- രൂപയും, 2 മുതൽ 8 വരെ ഇനങ്ങൾ പ്രകാരം കലുങ്ക് നിർമ്മിക്കുന്നതിന് 100914/- രൂപയും APP-Bയിൽ 9 മുതൽ 11 വരെ ഇനങ്ങൾ പ്രകാരം 97 മീറ്റർ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 149904/- രൂപയും ഉൾപ്പെടെ ആകെ 269000/- രൂപയുടെ പ്രവൃത്തി നടത്തുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ചാണ് പ്രവൃത്തി നടത്തിയത്. APP-A ലെ 2 മുതൽ 8 വരെ ഇനങ്ങൾ ഒഴിവാക്കി APP-B പ്രകാരമുള്ള റോഡ് കോൺക്രീറ്റിംഗ് അധികരിച്ച അളവിൽ (170 മീറ്റർ) നടത്തുകയാണുായത്. അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പണി നടത്തിയതിന്

LOCAL FUND AUDIT DEPARTMENT

269244/- രൂപയുടെ ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുെ ങ്കിലും, ആയതിന് ഭരണാനുമതിയും, സാങ്കേതികാനുമതിയും വാങ്ങിയിട്ടില്ല. കേരളാ പഞ്ചായത്ത്രാജ് (പൊതുമരാമത്ത്പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം ഒരു പൊതുമരാമത്ത് പണി എസ്റ്റിമേറ്റ് അനുസരിച്ച് നടത്തി വരവേ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്ന പണി ഇനമോ, കൂടുതലായി ചെയ്യേ ിവരുന്ന പണിയോ നടത്തേ ി വരുന്ന സംഗതിയിൽ അധികമായി ചെയ്യേ ിവരുന്ന പണിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേ തും, അതിന് ഒറിജിനൽ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ അധികാരസ്ഥാനങ്ങളിൽ നിന്നും അംഗീകാരം വാങ്ങേ തുമാണ്.

റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങാതെ പ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല. പ്രവൃത്തിയ്ക്ക് ചെലവഴിച്ച 260979/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**(3-26) <u>തേക്കുവിളപ്പടി-കൊയ്പ്പള്ളിമല റോഡ് ഉദ്ധാരണം; വകയിരുത്തിയ തുകയിൽ കൂടുതൽ ചെലവ്</u>**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - | എക്സി.എഞ്ചിനീയർ |
| എസ്റ്റിമേറ്റ് | - | 5,00,000/- |
| അളവുപുസ്തകം | - | 84/09 |
| ചെലവുവിവരം | - | 1,00,000/- DDNo.406339 Dt. 17.04.2008 |
| | - | 3,63,741/- DDNo.664267 Dt. 21.04.2010 |

തേക്കുവിളപ്പടി-കൊയ്പ്പള്ളിമല റോഡിന്റെ വേലയ്ക്കായി 1,00,000/- രൂപ 31.03.2008 ൽ കൺവീനർക്ക് മുൻകൂർ തുകയായി കൊടുത്തു. മേൽ പ്രോജക്ടിന് 2007-08 ൽ വകയിരുത്തിയിരുന്നത് 1,00,000/-രൂപയാണ്. വേലയുടെ കരാർ പ്രകാരം പ്രോജക്ട് 2/08 ൽ തുടങ്ങി 3/09 ലാണ് തീർക്കേ ത്. ഇതനുസരിച്ച് വകയിരുത്തിയ തുക മുഴുവൻ മുൻകൂറായി കൺവീനർക്ക് നൽകി. അതിനു ശേഷം 2008-09 ൽ തുക വകയിരുത്താതെ 2009-10 ൽ 3,00,000/- രൂപ വീ ും വികസനഫ ിൽ വകയിരുത്തി. 10.02.2010 ലാണ് വേല ആരംഭിച്ചിട്ടുള്ളത്. ഏകദേശം 24 മാസം 1,00,000/-രൂപ കൺവീനറുടെ കൈയ്യിൽ സൂക്ഷിക്കുകയായിരുന്നു. 2009-10 ൽ 3,00,000/-രൂപ വികസനഫ ിൽ വകയിരുത്തിയെങ്കിലും ചെലവഴിച്ചിട്ടുള്ളത് 3,63,741/-രൂപയാണ്. അധികമായി പിൻവലിച്ച 63,741/-രൂപ പദ്ധതി അംഗീകാരമില്ലാതെയും തുക വകയിരുത്താതെയുമാണ് പിൻവലിച്ചിട്ടു ള്ളത്. അംഗീകാരമില്ലാതെ വിനിയോഗിച്ച 63741/-രൂപയ്ക്ക് ഡി.പി.സി യുടെ സാധൂകരണം വാങ്ങേ തും വിവരം ഓഡിറ്റിൽ അറിയിക്കേ തുമാണ്. അതുവരെ ഇതിനായി അധികം പിൻവലിച്ച 63,741/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

**(3-27) <u>കുളത്തുമാട്ട്പടി – കരികാട്ടിൽപ്പടി റോഡ് – സബ് ബേസ്, ബേസ് മെറ്റലിംഗിൽ ബ്ലൈന്റിംഗ് മെറ്റീരിയൽ ഉപയോഗിക്കുന്നില്ല.</u>**

| | | |
|---|---|---|
| എസ്റ്റിമേറ്റ് | – | 4,00,000/- |
| കരാറുകാരൻ | – | ബിജു മാത്യു |
| ടെ ർ നിരക്ക് | – | 3% കുറവ് |
| അളവുപുസ്തകം | – | 167/06-07 |
| ചെലവ് | – | 3,63,401/- |
| | | ബിൽ നം. 899 തീയതി 31.03.2010 |

കുളത്തുമാട്ട്പടി-കരികാട്ടിൽപടി റോഡ് കോൺക്രീറ്റിംഗിനുള്ള എസ്റ്റിമേറ്റ് 4,00,000/- രൂപയാണ്. ഇതനുസരിച്ച് 4,00,000/- രൂപയ്ക്ക് ഭരണാനു മതിയും 3,85,000/- രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടു ്. $225m^2$ ൽ റോഡ് മെറ്റലിംഗും സൈഡ് ഡ്രെയിനുമാണ് വേലയിൽ കാണിച്ചിട്ടുള്ളത്. ഇതനുസരിച്ച് 30.06.2007-ൽ വേല പൂർത്തിയാക്കിയെങ്കിലും തുക ചെലവു ചെയ്യുന്നത് 31.03.2010-ൽ മാത്രമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കി വേല നടത്തുമ്പോൾ പദ്ധതി യുടെ ധനസ്രോതസ്സുകൂടി കണക്കാക്കേ താണ്. ഇപ്രകാരം ദീർഘവീക്ഷണമില്ലാതെ പദ്ധതി തയ്യാറാക്കുന്നതുമൂലമാണ് 2007-08-ൽ പൂർത്തിയാക്കിയ വേലയ്ക്ക് 2009-10-ൽ കരാറുകാരന് പ്രതിഫലം നൽകേ ി വന്നത്.

